
# താമരമൊട്ടുകൾ

വാല്യം 24 | ജൂലൈ 2022 | ലക്കം 07 | Price ₹20



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ


വാല്യം 23 താമരമൊട്ടുകൾ ജൂലൈ 2022 ലക്കം 07

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"എന്റെ കർത്താവേ,
എന്റെ ദൈവമേ"


ജൂലൈ 26-ാം തിയ്യതി ജന്മദിനം ആഘോഷിക്കുന്ന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാസമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ...

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 485 |
| 2. | പ്രോഗ്രാം ജൂലൈ 2022 | 488 |
| 3. | യുവജനദിനം സർക്കുലർ | 489 |
| 4. | സർക്കുലർ 13/2022 | 493 |
| 5. | സർക്കുലർ 14/2022 | 497 |
| 6. | ഇടയലേഖനം | 499 |
| 7. | സർക്കുലർ 12/2022 | 503 |
| 8. | കച്ചേരിക്കാര്യം | 505 |
| 9. | വിശ്വാസപരിശീലനം | 508 |
| 10. | ചെറുപുഷ്പ മിഷൻലീഗ് | 510 |
| 11. | തിരുബാലസഖ്യം | 515 |
| 12. | ലിറ്റർജി കമ്മീഷൻ | 516 |
| 13. | ബൈബിൾ അപ്പോസ്തോലേറ്റ് | 517 |
| 14. | സെമിനാരി വാർത്തകൾ | 518 |
| 15. | വിദ്യാഭ്യാസരംഗം | 521 |
| 16. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 522 |
| 17. | സ്റ്റാർട്ട് | 523 |
| 18. | ആൽഫ മരിയ അക്കാദമി | 524 |
| 19. | കെസിവൈഎം - എസ്എംവൈഎം | 525 |
| 20. | കത്തോലിക്കാ കോൺഗ്രസ് | 532 |
| 21. | കരിസ്മാറ്റിക് മൂവ്മെന്റ് | 535 |
| 22. | ബഥാനിയ ധ്യാനകേന്ദ്രം | 536 |
| 23. | വികസനവേദി | 538 |
| 24. | യേശുനിധി | 540 |
| 25. | അജപാലനക്കുറിപ്പുകൾ | 541 |

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Kappil Joseph | July | 6 |
| | Ikolambil Kuriakose | | 7 |
| | Mundakal Chacko | | 9 |
| | Vayalil Abraham | | 9 |
| | Pallickavayalil John | | 12 |
| | Ezhanikattu Vincent | | 13 |
| | Pulickal Sebastian | | 14 |
| | Kavilpurayidathil Abraham | | 17 |
| | Njavallil Jose | | 17 |
| | Kizhakeveettil Jacob | | 19 |
| | Pookulam Sebastian | | 23 |
| | Puramadathil Kurian | | 23 |
| | Choorapoikayil Mathew | | 24 |
| | Puthenpura Paul | | 25 |
| Bp. | Remigiose Inchananiyil | | 26 |
| Rev. Fathers | Embrayil Sebastian (Jr) | | 28 |
| | Moolechalil Varghese | | 29 |
| | Kadaplackal Thomas | | 31 |
| | Mangalamadathil Mathew | | 31 |

**Mar Remigiose Inchananiyil**

Rev. Fathers

# Feast Day Greetings

| | |
|---|---|
| Chakkittamuriyil Thomas (Sr) | July 3 |
| Chakkittamuriyil Thomas (Jr) | 3 |
| Chuvappunkal Thomas | 3 |
| Chilambikunnel Thomas | 3 |
| Eyyalil Thomas | 3 |
| Kadaplackal Thomas | 3 |
| Kalarickal Thomas | 3 |
| Kalapurackal Thomas | 3 |
| Kochuparambil Thomas | 3 |
| Kochukaipayil Thomas | 3 |
| Kochumuriyil Thomas | 3 |
| Kochumannarath Thomas Joseph Ofm | 3 |
| Kannampally Thomas | 3 |
| Kudiyirickal Thomas | 3 |
| Malapravanal Thomas | 3 |
| Nagaparambil Thomas | 3 |
| Parankulangara Thomas | 3 |
| Poriyath Thomas | 3 |
| Pulayamparambil Thomas | 3 |
| Puthiyaparambil Thomas | 3 |
| Thevadiyil Thomas | 3 |
| Vattottutharappel Thomas | 3 |

Rev. Fathers

# Feast Day Greetings

| | | |
|---|---|---|
| Chennamkulath Benedict | July | 11 |
| Chemplani Kuriakose | | 15 |
| Ikolambil Kuriakose | | 15 |
| Pulickal Sibi Kurian | | 15 |
| Puramadathil Kurian | | 15 |
| Thalachirakuzhy Kurian | | 15 |
| Thannickal Kurian | | 15 |
| Thayyil Kurian | | 15 |
| Panachickal Alex | | 17 |
| Areethara Jacob | | 25 |
| Cherickal James | | 25 |
| Kappalumackal Jacob | | 25 |
| Karakunnel Jacob | | 25 |
| Kiliyananickal James | | 25 |
| Kizhakeveettil Jacob | | 25 |
| Kothanickal Chakko | | 25 |
| Koothur Jacob | | 25 |
| Kuzhimattathil James | | 25 |
| Mundackal Chacko | | 25 |
| Plakkoottathil Jacob | | 25 |
| Pulthakidiyil James | | 25 |
| Puthenpurackal Jacob | | 25 |
| Vallikunnel James | | 25 |
| Vamattathil James | | 25 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജൂലൈ 2022

| | | |
|---|---|---|
| 03 | ഞായർ | **ദുക്റാന** – കടമുള്ള ദിവസം<br>വൈദികരുടെ വാർഷിക ധ്യാനം<br>ആദ്യബാച്ച് ജൂലൈ 3–8 |
| 10 | ഞായർ | യുവജനദിനം<br>വൈദികരുടെ വാർഷിക ധ്യാനം<br>രണ്ടാംബാച്ച് ജൂലൈ 10–15 |
| 16 | ശനി | **കർമ്മലമാതാവ്** |
| 18 | തിങ്കൾ | ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം (2010) |
| 23 | ശനി | ചരമദിനം: ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ (2019) |
| 25 | തിങ്കൾ | **ഗ്രാന്റ് പേരന്റ്സ് ഡേ, വി. യാക്കോബ് ശ്ലീഹാ** |
| 26 | ചൊവ്വ | **ജന്മദിനം – മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| 27 | ബുധൻ | ചരമദിനം: ഫാ. മാത്യു പൊയ്യക്കര (2008) |
| 28 | വ്യാഴം | **വി. അൽഫോൻസ, രൂപതാമദ്ധ്യസ്ഥ** |
| 30 | ശനി | ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ (2012) |
| 31 | ഞായർ | **വി. ഇഗ്നേഷ്യസ് ലയോള** |

# യുവജനദിനം 2022, ജൂലൈ 10, ഞായർ കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 10 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

കോവിഡ്-19 മാഹാമാരിയുടെ പിടിയിൽ നിന്നും ലോകം മെല്ലെ മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന വേളയാണിത്. സഭയും സമൂഹവും ദേവാലയങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും തിരികെ എത്തുവാൻ പരിശ്രമിക്കുന്ന നേരം. യേശു നായിനിലെ വിധവയുടെ മകനോടും ജായ്റോസിന്റെ മകളോടും പറഞ്ഞത് ഇപ്പോൾ കേരളസഭയിലെ യുവജനങ്ങളോടും ആവർത്തിക്കുന്നു. "യുവാവേ എഴുന്നേൽക്കുക" (ലൂക്കാ 17:14) "ബാലികേ എഴുന്നേൽക്കുക" (മർക്കോ 5:41). ഈ വ്യാധിയുടെ നാളുകളിൽ സഭയുടെ ജീവനാഡിയായി നിലകൊണ്ട യുവജനങ്ങളേയും അവരെ നയിച്ച വൈദികരേയും സന്ന്യസ്തരേയും അല്മായ സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു. അഭിവാദനങ്ങൾ അർപ്പിക്കുന്നു.

## യുവജനങ്ങൾ ഐക്യത്തിന്റെ പ്രേഷിതർ

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് ക്രൈസ്തവയുവത്വം ഐക്യത്തിന്റെ പ്രേഷിതത്വം എന്നതാണ്. കേരളസഭ 2022-25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമാണ്. കേരളത്തിലെ വിവിധ കത്തോലിക്കാ സംഘടനകളുമായി ഒരുമിച്ചിരുന്നുകൊണ്ട് അവരെ ശ്രവിക്കുവാനായി സഭ പരിശ്രമിക്കുന്നു. അത്തരം ശ്രവണം രൂപതാ, ഇടവക, കുടുംബ യുണിറ്റ് തലങ്ങളിൽ ഉണ്ടാകാൻ സഭ ആഗ്രഹിക്കുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ വിശ്വാസപരമായ സന്ദേഹങ്ങൾ ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാസഭ

യിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരതസഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭകൾ ഒരേസ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരുവാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ കാറ്റലിസ്റ്റുകൾ ആകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ചരിത്രവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

### ഹെനോസിസ് എന്ന മന്ത്രം

Henosis എന്ന ഗ്രീക്കു പദം അർത്ഥമാക്കുന്നത് ആന്തരികമായ ഐക്യം അഥവാ രഹസ്യാത്മകമായ ഐക്യം എന്നൊക്കെയാണ്. ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടെങ്കിലും ശരീരം ഒന്നായിരിക്കുന്നപോലെ (എഫേ 4:1-13) എന്ന പൗലോസപ്പോസ്തലന്റെ വാക്കുകളുടെ സാരാംശമാണ് ഹെനോസിസ്. ഈ പദം ഒരുമന്ത്രം പോലെ ഉരുവിടേണ്ട പ്രേഷിതരാണ് യുവജനങ്ങൾ. ഈകാലഘട്ടം അത് അവരിൽ നിന്ന് ആവശ്യപ്പെടുന്നു. കേരളസഭയും സമൂഹവും അത് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നു.

### യൗവ്വനം എന്ന ലഹരി

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ ജീവനാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. ഭാവാത്മകമായി പറഞ്ഞാൽ യൗവ്വനം ഒരു ലഹരിയാണ്. വിശുദ്ധ പ്രണയത്തിന്റെ കാലം. ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം. ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളും ആകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ തുടങ്ങിയവ കോവി

ഡനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കുവാൻ വേണ്ട പരിശീലനം നേടുകയും വേണം.

### കുടുംബം, തൊഴിൽ, പ്രവാസം

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബ രൂപീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ ആശങ്കയുണർത്തുന്നു. വിവാഹത്തിന്റെ സമ്പൂർണമായ സമർപ്പണത്തിന് വിമുഖത കാട്ടുന്ന യുവജനങ്ങളുടെ എണ്ണം വർധിക്കുന്നു. പൗരോഹിത്യ സന്ന്യസ്ത ദൈവവിളികൾ കുറയുന്നു. കുട്ടികളുടെ ജനനനിരക്ക് അപകടകരമാംവിധം താഴുന്നു. തൊഴിൽ തേടിയുള്ള പ്രവാസം കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതേസമയം പ്രവാസികളിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ താങ്ങാണ് എന്നതാണ് സത്യം. തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാന ങ്ങളിൽ നിന്നും പ്രവാസികളായി വന്ന് ചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കുംവിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരഭകരായി മാറാൻ, സർക്കാർ തൊഴിൽ നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

### മാധ്യമങ്ങൾ, മതേതരത്വം, മതതീവ്രവാദം

മാധ്യമങ്ങളുടെ അതിപ്രസരമുള്ള ഈ കാലത്ത് മാധ്യമ വിചാരണയിൽ സഭയും സഭാസ്ഥാപനങ്ങളും, സംഘടനകളും നേതാക്കളും തേജോവധം ചെയ്യപ്പെടുന്ന ഈ നേരത്ത് മാധ്യമങ്ങളെ കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു ടീം സജ്ജമാ കേണ്ടതുണ്ട്. അന്തിചർച്ചകളിലും സിരിയലുകളിലും സിനിമകളിലും ഒക്കെ ക്രൈസ്തവ ദർശനങ്ങളെ വികലമാക്കി ചിത്രീകരിക്കുന്ന പ്രവണത ശക്തമാണ്. സാഹിത്യരംഗത്തും പുസ്തക പ്രസിദ്ധീകരണരംഗത്തും അജണ്ടകൾ വച്ച് വ്യാപാരം ചെയ്യുന്നത് ജാഗരൂകതയോടെ കണ്ട് ഈ വിഷയങ്ങൾ സഭയുടെ യുവജന പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതര ത്വത്തെ കാക്കാൻ പ്രതിജ്ഞാബദ്ധരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാന ത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയ

തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്ന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരതയുടെ വേരുകൾ കേരളത്തി ലെത്തി നിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറി ക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതര ത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്താര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴിയണം. തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയംത്തന്നെ ഫ്രാൻസിസ് അസീസിയുടെ പ്രാർത്ഥന പോലെ ‘സമാധാനത്തിന്റെ ഉപകരണങ്ങൾ’ ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ചങ്കാണ്; ചങ്കിടിപ്പാണ്. ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യൗവനയുക്തൻ പകരുന്ന ആദർശമാണ് അതിന്റെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമു ഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനക ളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജന ങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

N.B. 2022 ജൂലൈ 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മല ബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേ ണ്ടതാണ്.

*സർക്കുലർ 13/2022*

# അഖണ്ഡജപമാല സമർപ്പണം - 2022

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ രൂപതയുടെ ആത്മീയനവീകരണ കേന്ദ്രമായ ബഥാനിയായിൽ കഴിഞ്ഞ 22 വർഷമായി നടന്നുവരുന്ന ആത്മീയ ശുശ്രൂഷയാണല്ലോ അഖണ്ഡജപമാല സമർപ്പണം. പരിശുദ്ധ കുർബാനയുടെ മുന്നിൽ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കുന്ന വിശ്വാസത്തിന്റെയും, മാനസാന്തരത്തിന്റെയും, അഭിഷേകത്തിന്റെയും ദിനങ്ങളാണവ. ഈ വർഷം ജൂലൈ 20 ബുധനാഴ്ച രാവിലെ 10 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിക്കുന്ന അഖണ്ഡജപമാല സമർപ്പണം ഒക്ടോബർ 28 ശനിയാഴ്ച സമാപിക്കുന്നു. 101 ദിനരാത്രങ്ങൾ നീണ്ടുനിൽക്കുന്ന ഈ പ്രാർത്ഥനാ യജ്ഞനത്തിലൂടെ നമുക്കും രൂപതയ്ക്കും ലോകം മുഴുവനും അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

ഈ വർഷം ലോകസമാധാനത്തിനും കുടുംബവിശുദ്ധീകരണത്തിനും വേണ്ടി പ്രാർത്ഥിക്കുവാൻ ഏവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ലോകസമാധാനത്തിന് ഭീഷണിയായിരിക്കുന്ന യുദ്ധങ്ങളും ഭീകരപ്രവർത്തനങ്ങളും നമ്മെ അസ്വസ്ഥതപ്പെടുത്തുമ്പോൾ, സമാധാന രാജ്ഞിയായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം ഈ കാലഘട്ടത്തിൽ കൂടുതൽ അനിവാര്യമായിരിക്കുന്നു. അതോടൊപ്പം നമ്മുടെ കുടുംബ ബന്ധങ്ങളിലും, കുഞ്ഞുങ്ങളിലും, നമ്മുടെ യുവജനങ്ങളുടെ സ്വഭാവത്തിലും, വിശ്വാസത്തിലും, ശീലങ്ങളിലും നുഴഞ്ഞു കയറിയ പകർച്ചവ്യാധി, കൊറോണയെക്കാൾ മാരകവും അപകടരവുമാണെന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

തന്റെ ഇഹലോകവാസത്തിന്റെ അന്ത്യനിമിഷങ്ങളിൽ ഈശോ തന്റെ നമുക്കു നൽകിയ അമൂല്യമായ രണ്ട് സമ്മാനങ്ങളുണ്ട്. ഒന്ന് അന്ത്യ അത്താഴ രാത്രിയിൽ അവിടുന്ന് നൽകിയ വിശുദ്ധ കുർബാന, രണ്ടാമത്തേത്

കാൽവരിയിൽ അവിടുന്ന് നൽകിയ അവിടുത്തെ സ്വന്തം അമ്മ. 'ഇതാ നിന്റെ അമ്മ' എന്ന തിരുമൊഴിയിലൂടെ മനുഷ്യകുലത്തെ ആകമാനം പ്രതിനിധികരിച്ച് കുരിശിൻ ചുവട്ടിൽ നിൽക്കുന്ന യോഹന്നാൻ ശ്ലീഹായ്ക്ക് ഈശോ തന്റെ അമ്മയെ നൽകി. സ്വർഗ്ഗസ്ഥനായ പിതാവേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ച് ഈശോ സ്വർഗ്ഗത്തി ലുള്ള അമ്മേ എന്ന് പ്രത്യാശയോടെ പ്രാർത്ഥിക്കുവാൻ മനുഷ്യകുലത്തിന് അവസരം നൽകി തന്നോടു മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്ന ആരെയും കൈവെടിയാത്ത അമ്മ നമ്മുടെ പ്രാർത്ഥനയ്ക്ക് നിശ്ചയമായും ഉത്തരം തരുന്നവളാണ്.

ജപമാലയുടെ അവസാനം ലുത്തിനിയയുടെ സമാപനഭാഗത്ത് നാം അമ്മയെ സംബോധന ചെയ്യുന്ന ഒരു ശ്രേഷ്ഠ നാമമുണ്ട്. 'സമാധാനത്തിന്റെ രാജ്ഞി' പരിശുദ്ധ അമ്മ സമാധാനത്തിന്റെ രാജ്ഞിയാണ്. ഈശോ സമാധാനത്തിന്റെ രാജകുമാരനാണല്ലോ. എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലാണ്. സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും' (ഏശയ്യ 9:6) ഈ സമാധാനത്തിന്റെ രാജാവിന്റെ അമ്മ സമാധാനത്തിന്റെ രാജ്ഞി തന്നെയാണല്ലോ? കുടുംബങ്ങളിലും, സഭയിലും, മനുഷ്യവർഗ്ഗം മുഴുവനിലും മറ്റൊരു കാലഘട്ടത്തിലും ഇല്ലാത്തതരത്തിൽ പ്രതിസന്ധികളുടേയും, പകർച്ചവ്യാധികളുടേയും, പ്രകൃതി ക്ഷോഭങ്ങളുടേയും, മത ഭീകരതയുടേയും വർഗ്ഗീയതയുടേയും, ലൈംഗീക വൈകൃതങ്ങളുടേയും, വിശ്വാസ ത്യാഗങ്ങ ളുടേയും, അശാന്തിയുടേയും വേരുപടരുമ്പോൾ കുടുംബ വിശുദ്ധീകരണത്തിനും ലോകസമാധാന ത്തിനുവേണ്ടി തന്റെ പുത്രന്റെ പക്കൽ മാദ്ധ്യസ്ഥ്യം വഹിക്കാൻ വിശുദ്ധി യുടെ നിറകുടമായ പരിശുദ്ധ അമ്മയ്ക്ക് സാധിക്കും.

തന്റെ പുത്രൻ കഴിഞ്ഞാൽ, എല്ലാ മാലാഖമാരിലും മനുഷ്യരിലും വിശുദ്ധരിലും ഉപരിയായി ദൈവം കാരുണ്യപൂർവ്വം ഉയർത്തിയ മറിയത്തെ ദൈവത്തിന്റെ പരിശുദ്ധ മാതാവും ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങളിൽ പങ്കുകാരിയുമായി സഭ അംഗീകരിച്ചാദരിക്കുന്നു. ദൈവമാതാവിന്റെ ബഹുമാനാർത്ഥം നിരവധി ഭക്തകൃത്യങ്ങൾ സഭ അംഗീകരിച്ചിട്ടുണ്ട്. സുവിശേഷം മുഴുവന്റെയും സംഗ്രഹമായ ജപമാല പ്രാർത്ഥന പരി. മറിയത്തോടുള്ള വണക്കത്തിന്റെ പ്രകാശനമാണ്. മാതാവ് വണങ്ങപ്പെടുന്നതോടു കൂടി പുത്രൻ ശരിയായി അറിയപ്പെടുകയും


സ്നേഹിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും അവിടുത്തെ കല്പനകൾ അനുസരിക്കപ്പെടുന്നതിനിടയാകുകയും ചെയ്യുമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ പ്രസ്താവിക്കുന്നു. അതിപുരാതനകാലം മുതൽ 'ദൈവമാതാവ്' എന്ന പേരിൽ അലംകൃതയായിരുന്ന പരി. മറിയത്തിന്റെ സങ്കേതത്തിൽ ഓടി അണഞ്ഞ വിശ്വാസികൾ ഒരിക്കലും നിരാശരായിട്ടില്ല. ഈ വിശ്വാസത്തിൽ ശരണപ്പെട്ട്, പരിശുദ്ധ മറിയത്തിലൂടെ യേശുവിലേയ്ക്ക് എന്ന അവബോധത്തോടെ ഈ വർഷത്തെ പ്രത്യേക നിയോഗങ്ങളോടൊപ്പം നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ നിയോഗങ്ങളും സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. തന്റെ പ്രാർത്ഥനകൾകൊണ്ട് സഭയുടെ ആരംഭത്തിൽ സഹായിച്ച മറിയം (അപ്പ.1:14) യുഗാന്ത്യം വരെ സഭയെ സഹായിക്കുമെന്നുറപ്പാണ്. കർത്താവ് വീണ്ടും അവഹേളിക്കപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും ക്രൂരമായി വീണ്ടും ക്രൂശിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യകുലത്തിന്റെ പാപങ്ങളുടെ പെരുപ്പവും, തിന്മയിലുള്ള അടിമത്തവും, നാശത്തിന്റെ ആധിക്യവും കണ്ട് കരയുന്ന വ്യാകുലമാതാവിനെ ലോകമെങ്ങും പ്രത്യക്ഷീകരണങ്ങ ളിൽ കണ്ടുമുട്ടുമ്പോൾ, വംശീയവും വർഗീയവുമായ കാരണങ്ങളാലും ക്രിസ്ത്യാനികളായതിന്റെ പേരിലും ലോകമെമ്പാടും പീഡിപ്പിക്കപ്പെടുന്ന നമ്മുടെ സഹോദര ങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ജപമാല ദിവസങ്ങൾ നമുക്ക് വിനിയോഗിക്കാം. ഈ പെന്തക്കുസ്താ തിരുനാളിൽ നൈജീരി യായിലെ ദേവാലയത്തിൽ കുർബ്ബാന മധ്യേ ഇസ്ലാമിക ഭീകരരാൽ കൊല്ലപ്പെട്ടവരുടെ രക്തക്കറ ഇപ്പൊഴും നമ്മുടെ മനസ്സിൽ തളം കെട്ടി നിൽക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രതി ജീവൻ നഷ്ടപ്പെടുത്തിയവരും എല്ലാം ഉപേക്ഷിച്ചവരും സമകാലിക ചരിത്രത്തിന്റെ ഭാഗമാണ്. നമ്മുടെ പ്രാർത്ഥനയും പിന്തുണയും സഹായവും ഈ സഹോദരങ്ങളോടൊപ്പം ഉണ്ടാകണം.

ഒരു കുടുംബമെന്ന നിലയിൽ നമ്മുടെ രൂപതയ്ക്ക് ദൈവാനുഗ്രഹത്തിന്റെ വലിയ അവസരമാണ് അഖണ്ഡജപമാല യുടെ ദിവസങ്ങൾ. രൂപത മുഴുവനും വേണ്ടി നമുക്ക് പ്രാർത്ഥി ക്കാം. കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഈ വർഷവും നമ്മുടെ എല്ലാ ഇടവകകളുടെയും പങ്കാളിത്തം ബഥാനിയായിലുണ്ടാകണം. കുടുംബകൂട്ടായ്മകൾ, ഭക്തസംഘടനകൾ, വിവിധ ഗ്രൂപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പരമാവധി ആളുകൾ ജപമാലയുടെ ദിവസങ്ങളിൽ ബഥാനിയായിലൂടെ

കടന്നു പോകണമെന്ന് ഞാനാഗ്രഹിക്കുന്നു. തിരുക്കുടുംബത്തിന്റെ നാഥയും സംരക്ഷകയുമായ പരി. കന്യകാമറിയത്തോട് നമ്മുടെ രൂപതയിലെ എല്ലാവരും, തങ്ങളുടെ കുടുംബങ്ങളെ പരി. അമ്മയ്ക്ക് ഭരമേൽപിച്ച് ബഥാനിയായിലെത്തി ഒരു ജപമാലയെങ്കിലും ചൊല്ലി പ്രാർത്ഥിക്കുമല്ലോ. സന്ന്യാസ ഭവനങ്ങളിലെ അംഗങ്ങൾ ലോകസമാധാനത്തിനും, കുടുംബ വിശുദ്ധീകരണത്തിനും വേണ്ടി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്ര മായ ബഥാനിയായിൽ വന്ന് പ്രാർത്ഥിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മി പ്പിക്കുന്നു.

'ലൗദാത്തോസി' എന്ന ചാക്രികലേഖനത്തിൽ, ഫ്രാൻസിസ് മാർപാപ്പ പരിശുദ്ധ അമ്മയെ എല്ലാ സൃഷ്ടികളുടെയും രാജ്ഞിയായി പ്രകീർത്തിക്കുന്നു. തന്റെ തിരുക്കുമാരനെ കാത്തുപരിപാലിച്ച് മാതാവ് മുറിവേറ്റ ലോകത്തെ മാതൃ സഹജമായ സ്നേഹത്തിൽ പരിപാലിക്കുന്നു. വേദനയാൽ പിളർക്കപ്പെട്ട അമ്മയുടെ ഹൃദയം യേശുവിന്റെ മരണത്തിൽ വിലപിച്ചതുപോലെ, ക്രൂശിക്കപ്പെടുന്ന പാവങ്ങളുടെയും, മനുഷ്യാധികാരം അപ്രസക്തമാക്കിയ ഈ ലോകത്തിലെ എല്ലാ സൃഷ്ടികളുടെയും വേദനയോർത്ത് വിലപിക്കുന്നുവെന്ന് പരിശുദ്ധ പിതാവ് എഴുതുന്നു (നം: 241). ലോകത്തെ മുഴുവൻ തന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്ന ദൈവമാതാവിന്റെ മാദ്ധ്യസ്ഥ ശക്തിയിൽ രൂപതയെയും പ്രത്യേകമായും രൂപതയിലെ എല്ലാ കുടുംബങ്ങളേയും സമർപ്പിച്ച് നമുക്ക് ജപമാല ദിനങ്ങളിൽ പ്രാർത്ഥിക്കാം. സെഹിയോൻ ശാലയിൽ അപ്പസ്തോലന്മാരോട് ചേർന്ന് പ്രാർത്ഥിച്ച പരി. അമ്മയിലൂടെ നമ്മുടെ കുടുംബങ്ങൾ യേശുവിൽ ഒന്നു ചേരട്ടെ. ലോകത്തിൽ സമാധാനം സംജാതമാകട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ ജൂലൈ 17 ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.

*സർക്കുലർ 14/2022*

# വൈദിക ക്ഷേമനിധി

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഇടവകവൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിവസമായ ആഗസ്റ്റ് 4-ാം തീയതിയാണ് വൈദികദിനം ആചരിക്കുന്നത്. നിത്യപുരോഹിതനായ ഈശോ യുടെ പൗരോഹിത്യം, തന്റെ കാലഘട്ടത്തിന്റെ പ്രത്യേകതകളെ ഉൾക്കൊണ്ടും, വെല്ലുവിളികളെ അഭിമുഖീകരിച്ചുമാണ് വീരോചിതമായ രീതിയിൽ വിയാനി പുണ്യവാൻ ജീവിച്ചത്. ഫ്രഞ്ച് വിപ്ലവത്തിനുശേഷമുള്ള അരക്ഷിതാവസ്ഥയിൽ ദൈവത്തെയും സഭയെയും തള്ളിപ്പറഞ്ഞ് ജീവിച്ച ഒരു സമൂഹത്തെ തന്റെ ജീവിത വിശുദ്ധികൊണ്ട് ദൈവത്തിലേയ്ക്ക ടുപ്പിച്ച വിശുദ്ധ വിയാനി പുണ്യവാളന്റെ മാതൃക ഈ കാലഘട്ട ത്തിലും അനുകരിക്കേണ്ടതാണ് എന്ന വസ്തുത ഈ തിരുന്നാൾ ദിനത്തെ കൂടുതൽ പ്രാധാന്യമുള്ളതാക്കി ത്തീർക്കുന്നു.

നമ്മുടെ രൂപതാ വൈദികരെക്കുറിച്ച് സന്തോഷത്തോടെയും അഭിമാനത്തോടെയുമാണ് ഞാൻ നിങ്ങൾക്കെഴുതുന്നത്. രൂപതയുടെ ജീവനാഡികളാണ് രൂപതയിലെ വൈദികർ. രൂപതാദ്ധ്യക്ഷ്യനോടുചേർന്ന് രൂപതയുടെ അജപാലന പ്രവർത്തനങ്ങളിലും മറ്റ് സാമൂഹ്യതലങ്ങളിലും പ്രവർത്തിക്കുന്ന വൈദികരാണ് ഒരു രൂപതയുടെ ഏറ്റവും വലിയ സമ്പത്ത്. നമ്മുടെ രൂപതയിൽ 210 വൈദികരാണുള്ളത്. അവരിൽ 24 വൈദികർ രണ്ട് വിശ്രമ മന്ദിരങ്ങളിൽ കഴിയുന്നു. ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികരും, സ്ഥാപനങ്ങളിലും സംഘടനകളിലും ജോലി ചെയ്യുന്ന വൈദികരും ചെയ്തുകൊണ്ടിരിക്കുന്ന സ്തുത്യർഹമായ സേവനത്തിന് നന്ദി പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. സ്വന്തം മാതാപിതാക്കളെയും സഹോദരീ സഹോദരന്മാരെയും വിട്ട് ദൈവം തങ്ങളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തളെ ഏറ്റവും വലിയ ത്യാഗത്തോടെ ഏറ്റെ ടുത്ത് ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ ആത്മസമർപ്പണത്തെ എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു. രൂപതയിലും, മിഷൻ പ്രദേശങ്ങളി ലും, വിദേശത്തുമായി ജോലിചെയ്യുകയും പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന വൈദികരെയും സ്നേഹത്തോടെ ഓർക്കുന്നു. വളരെ പ്രത്യേക മായി മലബാറിലെ സഭയെ പടുത്തുയർത്തുവാൻ അക്ഷീണം പ്രവർത്തിച്ച് വിശ്രമ മന്ദിരങ്ങളിൽ കഴിയുന്ന ബഹു. അച്ചന്മാരെ നന്ദിയോടും കടപ്പാടോ

ടുംകൂടി അനുസ്മരിക്കുന്നു. ഇന്ന് കാണുന്ന യാതൊരു സൗകര്യങ്ങളും ഇല്ലാതിരുന്ന കാലഘട്ടത്തിൽ കഠിനാധ്വാനത്തിലൂടെ ഒരു ജനതയ്ക്ക് ഉജ്ജ്വലമായ നേതൃത്വം നൽകി റോഡുകളും, പാലങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആതുരാലയങ്ങളും, സർക്കാർ സംവിധാനങ്ങളും, യാത്രാ സൗകര്യങ്ങളും പൊതുസമൂഹത്തിനുവേണ്ടി രൂപപ്പെടുത്തുന്നതിൽ അവരുടെ പ്രാർത്ഥനകളും പരിത്യാഗങ്ങളും സമർപ്പണവും കാരണമയിട്ടുണ്ട്. വൈദിക മന്ദിരങ്ങളിൽ കഴിയുന്ന ബഹു. അച്ചന്മാരെ സന്ദർശിക്കുന്നതും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതും നമ്മുടെ കടപ്പാടിന്റെയും കരുതലിന്റെയും സ്നേഹത്തിന്റെയും അടയാളമാണെന്ന് പറയേണ്ടതില്ലല്ലോ.


പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ രൂപതയിലെ ബഹു. അച്ചന്മാരെ നിങ്ങൾ സ്നേഹിക്കുകയും ബഹുമാനി ക്കുകയും ചെയ്യുന്നതിൽ ഞാൻ സന്തോഷിക്കുന്നു. അവർ തിരുസഭയ്ക്കും, നമുക്കോരോരുത്തർക്കും വേണ്ടി ചെയ്തുകൊണ്ടിരി ക്കുന്ന നിസ്വാർത്ഥമായ സേവനത്തെ നിങ്ങൾ അംഗീകരിക്കു കയും അവരെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം എന്നു ഞാനാഗ്രഹിക്കുന്നു. “സഭയെ തകർക്കാൻ ആഗ്രഹിക്കുന്നവർ വൈദികരെ ആദ്യം തകർക്കും. കാരണം അതിലൂടെ വിശുദ്ധബലിയർപ്പണം നടക്കുകയില്ലെന്ന് സാത്താൻ തിരിച്ചറിയുന്നു”, “വൈദികരില്ലാത്ത സ്ഥലങ്ങൾ വിഗ്രഹാരാധനയുടെ കേന്ദ്രമാകും” എന്ന വി. വിയാനിയുടെ വാക്കുകൾ നമുക്കോർക്കാം. അതിനാൽ, വൈദിക ദിനാചരണത്തിൽ നമ്മുടെ ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ ഉദ്യമങ്ങളിൽ പിന്തുണ നൽകാനും നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം. ഈ ലോകത്തിന്റെ വഴികളിൽ കാലിടറാതെ തങ്ങളെ ഏല്പിച്ചിരി ക്കുന്ന പരിപാവനമായ ഉത്തരവാദിത്വം വീഴ്ചകൂടാതെ നിർവഹിക്കാൻ നമ്മുടെ കൂട്ടായ പ്രാർത്ഥന ആവശ്യമാണെന്ന് ഈയവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുന്നു.

സ്നേഹമുള്ളവരേ, നമുക്കുവേണ്ടി ജീവിക്കുന്ന വൈദികരെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. കോവിഡ് രോഗത്താലും മറ്റു രോഗങ്ങളാലും വിഷമിച്ച വൈദികർക്ക് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നതിന് നമുക്ക് സാധിച്ചത് കഴിഞ്ഞ നാളുകളിൽ വൈദിക ക്ഷേമത്തിനുവേണ്ടി നിങ്ങളോരോരുത്തരും നൽകിയ സാമ്പത്തിക സഹായത്താലാണ് എന്നത് സ്നേഹപൂർവ്വം ഓർക്കുന്നു. വിശ്രമജീവിതം നയിക്കുന്ന വൈദികരുടെയും, രോഗികളായ വൈദികരുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി നമ്മുടെ പതിവനുസരിച്ച് വി. വിയാനിയുടെ തിരുന്നാൾ ദിവസമായ ആഗസ്റ്റ് 4-ാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച

(7-ാം തീയതി) കുർബാനമദ്ധ്യേ വൈദികക്ഷേമനിധിയിലേക്കുള്ള സംഭാവന സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ നിങ്ങൾ നൽകിയ ഉദാരമായ സംഭാവനയ്ക്കു ഏറെ സ്നേഹത്തോടെ നന്ദിപറയുന്നു.

പ്രിയ സഹോദരങ്ങളേ, നമ്മുടെ ബഹു. അച്ചന്മാരെ നിങ്ങൾ സ്നേഹിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, കുടുംബത്തിലെ ഒരംഗത്തെപ്പോലെ സ്വീകരിക്കുന്നതിനും നന്ദി പറഞ്ഞുകൊണ്ടും, വൈദികരുടെ രാജ്ഞിയായ പരി. കന്യകാമറിയത്തിന്റെയും വി. ജോൺ വിയാനിയുടെയും മാദ്ധ്യസ്ഥ്യവും സംരക്ഷണവും നിങ്ങളെല്ലാവരുടെയും കൂടെ ഉണ്ടായിരിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും.

മിശിഹായിൽ സ്നേഹപൂർവം



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

**താമരശ്ശേരി രൂപതയുടെ മെത്രാൻ**

---

ഈ സർക്കുലർ ജൂലൈ 31 ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.

## ഇടയലേഖനം

## സഭാദിനം - 3 ജൂലൈ 2022

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാ വരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3-ാം തീയതി യോടനുബന്ധിച്ചു നിങ്ങളോടു സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദുക്റാനതിരുനാൾ സീറോമലബാർ സഭാദിനമായും നാം ആചരിച്ചുവരികയാണല്ലോ. എന്റെ കർത്താവേ, എന്റെ ദൈവമേ എന്നു പറഞ്ഞ് ഉത്ഥിത നായ മിശിഹായിലുള്ള വിശ്വാസം ഉച്ചൈസ്തരം ഉദ്ഘോഷിച്ച

തോമാശ്ലീഹായുടെ മക്കളായ നമ്മിൽ അതേ വിശ്വാസം ഉജ്വലിപ്പിക്കുക എന്നതാണ് ഈ സഭാ ദിനാചരണത്തിന്റെ ലക്ഷ്യം. അതിനുപകരിക്കുന്ന കർമ പരിപാടി കളാണ് ഇടവകാ-രൂപതാ- സഭാതലങ്ങളിൽ നാം സംഘടിപ്പി ച്ചുപോരുന്നത്.

ഈ വർഷത്തെ സഭാദിനാചരണത്തിന് ഒരു പ്രത്യേകത യുണ്ട്. മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുന്നു. ഉത്ഥിതനായ മിശിഹായെ കണ്ടു മുട്ടിയ ശിഷ്യന്മാരാണ് അവിടന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരുമായി മാറിയതും. മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യദശകങ്ങളിൽ ജീവിക്കുന്നവരായ നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറിയതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയും ആയിരിക്കും. സമൂഹത്തിലെ ഉച്ചനീചത്വ ങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേ വിപ്ലവകരമായ മാറ്റങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ സമൂഹത്തിൽ സംഭവിക്കു മെന്നുള്ളതാണു സഭാചരിത്രം നമുക്കു നൽകുന്ന വലിയൊരു പാഠം. ഭാരതത്തിലെ ക്രൈസ്തവമിഷനറിമാരിലൂടെ സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. സുവിശേഷത്തിനു വീരോചിതമായ സാക്ഷ്യംവഹിച്ച ക്രൈസ്തവ മിഷനറിമാർ ഭാരതത്തിൽ അനേകരാണ്. ഏറ്റവും അടുത്തകാലത്തു വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ട രക്തസാക്ഷി ദേവസഹാ യവും അന്നത്തെ സാമൂഹ്യതിന്മകൾക്കെതിരെ അടരാടിയാണല്ലോ വീരചരമം പ്രാപിച്ചത്. ഇന്നു നാമും ദരിദ്രവിഭാഗങ്ങൾക്കും കഷ്ടത കൾ സഹിക്കുന്ന എല്ലാവർക്കും ജാതിമത ഭേദമെന്യേ സേവനം ചെയ്ത് ക്രിസ്തുവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യം വഹിക്കാൻ തീക്ഷ്ണതയുള്ളവരാകണം. വിവിധ മതങ്ങൾ തമ്മിലും സാംസ്കാരിക സമൂഹങ്ങൾ തമ്മിലും ഐക്യവും സൗഹാർദവും നിലനിറുത്തികൊണ്ട് എല്ലാവരെയും ഒരേ സ്നേഹത്തോടും കാരുണ്യത്തോടുംകൂടി കാണാനും എല്ലാവരോടും ഒന്നുചേർന്നു ജീവിക്കാനും നമുക്കു പരിശ്രമിക്കാം.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെപേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഭാരത ത്തിലാകട്ടെ മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ ആവർത്തിക്കാ തിരിക്കാൻ ശക്തമായ കരുതലുകൾ ഭരണകർത്താക്കൾ എടുത്തു വരുന്നു. അത് എക്കാലവും തുടരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥി ക്കാം. സങ്കുചിതമായ വീക്ഷണങ്ങളോടെ പ്രവർത്തിക്കുന്ന വ്യക്തി കളെയും സമൂഹങ്ങളെയും മതസൗഹാർദത്തിനു വിഘാതമാകുന്ന പ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാനും നമുക്കു പരിശ്രമിക്കാം. അതോടൊപ്പം രാഷ്ട്രനിർമാണപ്രക്രിയയിൽ പങ്കുചേർന്ന് ഉത്തമ പൗരന്മാരായി ജീവിക്കാനും നമുക്കു സാധിക്കണം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കേരളത്തിലുള്ള രൂപതകളെ മാതൃസഭയായിട്ടാണു പരിഗണിക്കുന്നത്. ഈ മാതൃസഭ കേരളത്തിനു പുറത്ത് ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തു മറ്റു രാജ്യങ്ങളിലുമുള്ള സഭാസമൂഹങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങൾക്കു സഹകരണം നൽകുവാൻ സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും അറിയിക്കുകയും അതിനു സാക്ഷ്യംവഹിക്കുകയുമാണ് യഥാർഥമായ പ്രേഷിതത്വം. അതിനുപകരിക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളിലും ഏർപ്പെടാൻ നാം പരിശ്രമിക്കണം. സുവിശേഷപ്രവർത്തനങ്ങൾക്ക് ആളും അർത്ഥവും നൽകി പരസ്പരം സഹായിക്കാൻ നാമേവരും തയ്യാറാകണം. ഇപ്രകാരം പ്രവർത്തിക്കുമ്പോൾ എല്ലാ മനുഷ്യരോടും ക്രിസ്തുവിന്റെ സാർവത്രികസ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കേണ്ടതാണ്.

കാർഷികമേഖലയിലുള്ള നമ്മുടെ ജനങ്ങൾ കടന്നുപോകുന്ന കഷ്ടതകൾക്കു പരിഹാരം കാണേണ്ടതുണ്ട്. കർഷകരും അസംഘ ടിത തൊഴിൽവിഭാഗങ്ങളും ഉപജീവനത്തിനുവേണ്ടി കഷ്ടപ്പെടുക യാണ് എന്നതു യാഥാർത്ഥ്യമാണ്. സംഘടിത വിഭാഗങ്ങൾ തങ്ങളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതി നുവേണ്ടി സമ്മർദ്ദംചെലുത്തു മ്പോൾ സർക്കാരും ഉദ്യോഗസ്ഥരും അവഗണിക്കുന്നതു കർഷ കരെയും അസംഘടിതവിഭാഗങ്ങളെ യുമാണ്. പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയാൽ കർഷകരുടെ ജീവിതം ദുരിതപൂർണ മായിരിക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾക്കു ന്യായവില ഉറപ്പാ ക്കാനും അതുവഴി ഒരു നിശ്ചിതവരുമാനം കർഷകകുടുംബങ്ങൾക്കു ഉറപ്പാക്കാനും ഇതുവരെ ഫലപ്രദമായ ഒരു നടപടിയും മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം ബഫർസോൺ സംബന്ധിച്ചു നൽകി യിരിക്കുന്ന പുതിയ ഉത്തരവ് ആയിരക്കണക്കിനു കർഷക കുടുംബ ങ്ങളെ വഴിയാധാരമാക്കാൻ ഇടയാക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ വിഷയത്തിൽ സംസ്ഥാനസർക്കാർ ജാഗ്രതയോടെ സത്വരമായി ഇടപെടുകയും കർഷകരുടെ പ്രത്യേകസാഹചര്യം ബഹു. കോട തിയെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കർഷകരെപ്പോലെ മറ്റ് അസംഘടിതവിഭാഗങ്ങളിലെ മനുഷ്യർക്കും നീതിയും തുല്യതയും ഉറപ്പാക്കാനും മാന്യമായ രീതിയിൽ അധ്വാനിച്ചുജീവിക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ജനാധിപത്യസംവിധാനത്തിൽ ഒരുക്കുകയും ചെയ്യേണ്ടതു സർക്കാ രിന്റെ കടമയാണ്.

2023-ൽ റോമിൽ നടക്കുന്ന സിനഡിന്റെ ഭാഗമായി എല്ലാ രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും തലങ്ങളിൽ ചർച്ചകളും അഭിപ്രായരൂപീകരണങ്ങളും നടക്കുന്ന സമയമാണല്ലോ ഇത്. നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും വിവിധതലങ്ങളിൽ സിനഡിന്റെ ചിന്താവിഷയം ചർച്ച

ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്നും സമർപ്പിത സമൂഹങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2022 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാൻ സിനഡിൽ ചർച്ചചെയ്യുകയും സഭയുടേതായ ഒരു റിപ്പോർട്ട് അടുത്ത തലത്തിലെ ചർച്ചകൾക്കായി നൽകു കയും ചെയ്യുന്നതാണ്. കൂട്ടായ്മയും പങ്കാളിത്തവും ദൗത്യബോധ വുമുള്ള ഒരു സഭാസമൂഹമായി ഇനിയും വളരാൻ ഈ ചർച്ചകൾ ഉപകരിക്കട്ടെ.

നമ്മുടെ സഭ ഘടനാപരമായി സിനഡൽ ആണ്. അതോടൊപ്പം സാർവത്രികസഭ വിഭാവനംചെയ്യുന്ന സിനഡാത്മകത നമ്മുടെ സഭയുടെ പ്രേഷിതപരവും അജപാലനപരവുമായ എല്ലാ മേഖലക ളിലും കൂടുതൽ ഉൾച്ചേർക്കാൻ നാമെല്ലാവരും ശ്രദ്ധചെലുത്തണം. സഭ അടിസ്ഥാനപരമായി ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മ പങ്കാളിത്തത്തിലൂടെയാണു പ്രകാശിതമാകുന്നത്. സഭയുടെ എല്ലാ പ്രവർത്തനതലങ്ങളിലും പങ്കാളിത്തം സജീവമാക്കണം. എല്ലാറ്റിന്റെ യും ലക്ഷ്യം പ്രേഷിതദൗത്യം ആയിരിക്കുകയും വേണം. ഇപ്രകാരം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്ന ത്രിവിധപ്രമേയങ്ങളെ സമന്വയിപ്പിച്ചു കൊണ്ടാണു സിനഡാത്മകസഭയെ വിഭാവനം ചെയ്യാനും നവീകരിക്കുവാനും ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്.

ഈ സഭാദിനത്തിൽ സഭാമക്കളായ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായ സഹോദരീസഹോദരന്മാർ എന്നിങ്ങനെ എല്ലാവർക്കും മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെ മംഗളങ്ങളും സഭാകൂട്ടായ്മ യുടേതായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആശംസകളും നേരുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യലയത്തിൽ നിന്ന് 2022-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

*സർക്കുലർ 12/2022*

# ബഫർസോൺ

മിശിഹായിൽ പ്രിയമുള്ള വൈദികരേ, സഹോദരീസഹോദന്മാരേ,

വളരെ അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാനിതെഴുതുന്നത്. നമുക്കേവർക്കും അറിയാവുന്നതുപോലെ 2022 ജൂൺ 3 ന് വന്ന സുപ്രീംകോടതി വിധി മലയോര കർഷ കരെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നതാണ്. അതനുസരിച്ച്, ഇന്ത്യയിലെ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും, ദേശീയോദ്യാനങ്ങൾക്കും, പക്ഷി സങ്കേതങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ വീതിയിൽ പരിസ്ഥിതി ലോല പ്രദേശം അഥവാ ബഫർസോൺ നിർബന്ധമാക്കിയിരിക്കുകയാണ്. കേരളത്തിൽ 16 വന്യജീവി സങ്കേതങ്ങളും, 5 ദേശീയോദ്യാനങ്ങളും, 2 കടുവാ സങ്കേതങ്ങളും ഒരു കടലുണ്ടി കമ്മ്യൂണിറ്റി റിസർവ്വും അടക്കം 24 സംര ക്ഷിത പ്രദേശങ്ങളാണുള്ളത്. ഇതിൽ മതികെട്ടാൻചോല ദേശീയോദ്യാന ത്തിന്റെ ബഫർസോൺ അതിർത്തികൾക്ക് അന്തിമ വിജ്ഞാപനം വന്നു കഴിഞ്ഞു. ബാക്കി 23 ഇടങ്ങളിലെ വനഭൂമിയോട് ചേർന്നുകിടക്കുന്ന റവന്യൂ ഭൂമിയിലെ കർഷക സമൂഹമാണ് ബഫർസോണിന്റെ ചതിക്കുഴിയിൽപ്പെട്ട് ദുസ്സഹമായ ജീവിത സാഹചര്യങ്ങളിലേക്ക് തള്ളിയിടപ്പെടാൻ പോകുന്നത്.

വിവിധ തരത്തിലുള്ള നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെ ടുത്തി പിറന്നുവീണ മണ്ണിൽ നിന്ന് ഒരു വലിയ ജനസമൂഹത്തെ, കാട്ടുമൃഗങ്ങൾ ക്കും, വനപരിപാലത്തിനുവേണ്ടി കുടിയൊഴിപ്പിക്കാനുള്ള വലിയ ആസൂത്ര ണവും തന്ത്രവുമാണ് ഇതിനു പിന്നിലുള്ളത് എന്ന് നാം തിരിച്ചറിയണം. മണ്ണിൽ പൊന്നു വിളയിച്ച് പരിസ്ഥിതിയുടെ സംരക്ഷകരായി പതിറ്റാണ്ടുകളായി ജീവിക്കുന്ന കർഷക ജനതയുടെ ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ് ബഫർസോൺ പ്രഖ്യാപനം.

ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾ ഇതിനോടകം നടന്നിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം ഇതുമായി ബന്ധപ്പെട്ട പ്രതിഷേ ധങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. അതോടൊപ്പം തന്നെ കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രസിഡണ്ടും സീറോ മലബാർ സഭയുടെ തലവ നും പിതാവുമായ കാർഡിനൽ മാർ ജോർജ് ആലഞ്ചേരി പിതാവും മലബാ റിലെ മുഴുവൻ പിതാക്കന്മാരും കെ.സി.ബി.സി. പ്രതിനിധികളും കേന്ദ്ര- സംസ്ഥാന മന്ത്രിമാരെയും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരെയും കണ്ട് മലയോര ജനതയുടെ ആശങ്ക അറിയിച്ചിരുന്നുവെങ്കിലും ഫലപ്രദമായ, ജന പക്ഷത്തുനിന്നുള്ള ഒരു തീരുമാനം ലഭിച്ചില്ലായെന്നുള്ളത് ഖേദകരമാണ്.

പൊതു താൽപ്പര്യത്തിനുവേണ്ടതാണെങ്കിൽ ദൂരപരിധിയിൽ ഇളവു വരുത്തുവാൻ കഴിയുമെന്നുതന്നെയാണ് സുപ്രീംകോടതിയുടെ വിധിയിലും പറയുന്നത്. വിധി നടപ്പിലാക്കിയാൽ ഉണ്ടാകാവുന്ന പ്രായോ ഗിക ബുദ്ധിമുട്ടുകളും സാമൂഹിക പ്രത്യാഘാതങ്ങളും മനസ്സിലാക്കി സംസ്ഥാന-കേന്ദ്ര സർക്കാരുകൾ കോടതിയെ സമീപിച്ച് മലയോര ജനതയുടെ ജീവിതവും ഭാവിയും

സുസ്ഥിരമാക്കേണ്ടതായിട്ടുണ്ട്.

പൊതുജനത്തിന്റെ ജീവിക്കുവാനുള്ള അവകാശത്തെ ഏകപക്ഷീ യമായ നടപടിയിലൂടെ തട്ടിയെടുത്ത് സർക്കാർ ഭൂമിയും വനഭൂമിയുമാക്കി മാറ്റാനുള്ള ഗൂഢമായ നടപടികളെ ജനാധിപത്യപരമായ രീതിയിൽ ചൂണ്ടി ക്കാട്ടി എതിർക്കുകയും നമ്മുടെ അവകാശങ്ങൾക്കുവേണ്ടി ശക്തമായ സമർദ്ദങ്ങൾ നടത്തുകയും വേണം. നമ്മുടെ നിലനിൽപ്പിനുവേണ്ടി ജില്ലാകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും പ്രാദേശികമായും നടത്തപ്പെടുന്ന സമരപരിപാടികളിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമോ, മത-സാമുദായിക ചേരി തിരിവോ കൂടാതെ എല്ലാവരും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സമുദായ സംഘടനയായ എ.കെ. സി.സി.യും, യുവജന പ്രസ്ഥാനങ്ങളും, കർഷക സംഘടനയായ ഇൻഫാമും ഇക്കാര്യത്തിൽ നേതൃത്വം വഹിക്കേണ്ടതാണ്. പൊതുജനത്തെ ഏകോപിപ്പിച്ച് സമരപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ബഹു. വികാരിയച്ചന്മാർ ശക്തമായ നേതൃത്വം നൽകേണ്ടതാണ്.

കേരള നിയമസഭയുടെ വർഷകാല സമ്മേളനം ജൂൺ 27 തിങ്കളാഴ്ച മുതൽ ആരംഭിക്കുകയാണ്. ഈ നിയമസഭാ സമ്മേളനത്തിൽ മലയോര ജനതയ്ക്ക് അനുകൂലമായ തീരുമാനങ്ങൾ എടുക്കുന്നതിനും, ജനവിരുദ്ധ നിലപാടുകൾ തിരുത്തുന്നതിനും ശക്തമായ സമരപരിപാടികൾ ആവശ്യ കമായി വന്നിരിക്കുകയാണ്. അതിനുവേണ്ടി എല്ലാ രൂപതകളുടെയും നേതൃത്വത്തിൽ സമര പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നു. സമരപരിപാടികളോടൊപ്പം പ്രദേശികതലത്തിൽ ബോധവൽക്കരണങ്ങൾ നടത്തി പ്രതിഷേധ പരിപാടികളിലൂടെ അധികാരികളുടെ അനുകൂല നിലപാടുകൾക്കായി പ്രാർത്ഥനാപൂർവ്വം നമുക്കൊന്നു ചേരാം.

ദൈവജനത്തിന്റെ വേദനയുടെയും ദുരിതങ്ങളുടെയും അരക്ഷിതാ വസ്ഥയുടെയും നടുവിൽ ആടുകൾക്കുവേണ്ടി ജീവനർപ്പിച്ച നല്ലവനായ ഈശോയുടെ മാതൃക സ്വന്തമാക്കുവാൻ എല്ലാ അജപാലകരരെയും ഞാൻ ഓർമ്മിപ്പിക്കുന്നു. കേരളത്തിന്റെ മറ്റ് ജില്ലാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്ന പ്രതിഷേധ പരിപാടികളോട് ചേർന്ന് 2022 ജൂൺ 28 ന് ചൊവ്വാഴ്ച കോഴിക്കോട്, മലപ്പുറം ജില്ലാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്ന പ്രതിഷേധ പരിപാടികളിൽ കഴിയുന്നത്ര ആൾക്കാരെ പങ്കെടുപ്പിക്കേണ്ടതാണ്. ഇത് നമ്മുടെ ജീവൻമരണ പോരാട്ടമായി കണ്ട് ഏവരും സഹകരിക്കേണ്ടതാണ്.

"ദൈവമാണ് നമ്മുടെ അഭയവും ശക്തിയും; അവിടുന്ന് സുനിശ്ചി തമായ തുണയാണ്" (സങ്കീ. 46:1) എന്ന വചനത്തിൽ വിശ്വസിച്ചും ദൈവത്തിൽ ആശ്രയിച്ചും നമുക്ക് മുന്നേറാം. പരിശുദ്ധ അമ്മയുടെ സംരക്ഷണവും രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ പ്രാർത്ഥനകളും നമുക്ക് തുണയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fr. Joseph Molekunnel OFM - Asst. Vicar, Thamarassery

**CML**

Rev. Fr. Sebastian Cheeramattathil - Vilangad Mekhala

**KCYM - SMYM**

Rev. Fr. Mathew Kottackal - Karuvarakundu Mekhala

**SMM**

Rev. Fr. Abraham Mazhuvanchery - Thamarassery Mekhala
Rev. Fr. Mathew Kottackal - Karuvarakundu Mekhala
Rev. Fr. Augustine Pannikott - Perinthalmanna Mekhala
Rev. Fr. Joseph Kuzhikkattumyalil - Malappuram Mekhala
Rev. Fr. Thomas Kochumuriyil - Thottumukkam Mekhala

## 2. സഭാദിനം - ജൂലൈ 3

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും വേണ്ടി മാർതോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

## 3. യുവജന ഞായർ - ജൂലൈ 10

ജൂലൈ 10-ാം തീയതി സഭ യുവജന ഞായറായാണ് ആചരിക്കുന്നത്. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടനകളിൽ ചേർന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

## 4. വൈദികസമിതി സമ്മേളനം

താമരശ്ശേരി രൂപത 11-ാമത് വൈദിക സമിതിയുടെ 5-ാമത് സമ്മേളനം 2022 ജൂലൈ 19 ന് ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ സമ്മേളിക്കുന്നു. സമിതി അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

## 5. വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ - ജൂലൈ 25

"ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് വി. ജൊവാക്കീം-അന്ന ദമ്പതിക ളുടെ തിരുനാൾ ദിവസമായ ജൂലൈ 25 ആഗോളസഭ ഗ്രാന്റ് പേരൻസ് ഡേ ആയി ആചരിക്കുവാൻ പരി. പിതാവ് ആഹ്വാനം ചെയ്തിരി ക്കുന്നു. നമ്മുടെ ഇടവകകളിലെ വല്യപ്പന്മാരെയും വല്യമ്മമാരെയും ആദരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ദൈവജന ത്തെ ഓർമ്മിപ്പിക്കേണ്ടതാണ്.

### 6. അഭിവന്ദ്യ പിതാവിന്റെ ജന്മദിനം - ജൂലൈ 26

ജൂലൈ 26-ാം തീയതി നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ജന്മദിനമാണല്ലോ. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവ ജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യ മായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

### 7. വി. അൽഫോൻസാമ്മയുടെ തിരുനാൾ -ജൂലൈ 28

രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളാണ് ജൂലൈ 28. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കുവേ ണ്ടിയും വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

### 8. വൈദിക ദിനം, വൈദിക ക്ഷേമനിധി

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരു നാളായ ആഗസ്റ്റ് 4-ാം തീയതി നമ്മുടെ പതിവനുസരിച്ച് വൈദിക ദിനമായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശംസക ളർപ്പിക്കുവാനും പരിശ്രമിക്കുമല്ലോ.

### 9. ആദരഞ്ജലികൾ

ബഹു. കളരിക്കൽ ജോസഫച്ചന്റെയും തോമസച്ചന്റെയും വത്സലപിതാവ് **സെബാസ്റ്റ്യൻ കളരിക്കൽ (83)** 2022 മാർച്ച് 2 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 3-ാം തീയതി മരുതോങ്കര ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസഫച്ചനോടും തോമസച്ച നോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മ ശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 10. പുതിയ ഫോൺ നമ്പർ

ഫിനാൻസ് ഓഫീസർ : 9188484749 (ഓഫീസ്)

### 11. സ്മരണാഞ്ജലി

15.07.1999 – റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ
16.07.1981 – റവ. ഫാ. അബ്രാഹം മൂക്കനോലിൽ
**18.07.2010 – റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ**
**23.07.2019 – റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ**
26.07.2003 – റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ
**27.07.2008 – റവ. ഫാ. മാത്യു പൊയ്യക്കര**
28.07.1970 – റവ. ഫാ. ജേക്കബ്ബ് വെള്ളക്കട
**30.07.2012 – റവ. ഫാ. ജോസ് മണിമലത്തറപ്പിൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്




റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ
18.07.2010



റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ
23.07.2019



റവ. ഫാ. മാത്യു പൊയ്യക്കര
27.07.2008



റവ. ഫാ. ജോസ് മണിമലത്തറപ്പിൽ
30.07.2012

# വിശ്വാസപരിശീലനം

“ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ” (എഫേസോസ് 4: 32)

## യേശു അനുഭവ ഏകദിന ധ്യാനങ്ങൾ

2002–23 വിശ്വാസപരിശീലന വർഷത്തിന് ഒരുക്കമായി താമരശ്ശേരി രൂപതയുടെ വിശ്വാസപരിശീലകർക്കായി വിവധ മേഖലാ കേന്ദ്രങ്ങളിൽവച്ച് യേശുഅനുഭവ ഏകദിന ധ്യാനങ്ങൾ ക്രമീകരിച്ചു. 2022 മെയ് 17 മുതൽ ആരംഭിച്ച ധ്യാനത്തിൽ രൂപതയിലുള്ള ഏകദേശം 1200–ലധികം അധ്യാപകർ പങ്കെടുത്തു. പെരിന്തൽമണ്ണ, താമരശ്ശേരി, മരുതോങ്കര, തിരുവമ്പാടി, തോട്ടുമുക്കം, ഈസ്റ്റ്ഹിൽ എന്നീ ഇടവകകളിലാണ് അധ്യാപകർ സംഗമിച്ചത്.

## പുസ്തക വിതരണം

2022 മെയ് 31 മുതൽ ഈ വർഷത്തെ വിശ്വാസപരിശീലന പാഠപുസ്തക വിതരണം ആരംഭിച്ചു. രൂപതയിലുള്ള എല്ലാ ഇടവകകളിലും ജൂൺ മാസത്തിൽ തന്നെ പുസ്തകവിതരണം നടത്തി.

## വിശ്വാസപരിശീലന വർഷാരംഭം

2022 ജൂൺ 5 പന്തക്കുസ്താ തിരുനാൾ ദിവസം ഈ വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ആരംഭിച്ചു. അന്നേദിവസം ബഹുമാനപ്പെട്ട വൈദികർ വിശ്വാസപരിശീലകർക്കുവേണ്ടി പ്രാർത്ഥി ക്കുകയും പുതിയ കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്തു.

## എവുക്കരിസ്തിയ

2022 ജൂൺ 12–ന് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ വച്ച് രാവിലെ 9.30 മുതൽ 4.00 മണി വരെ ‘എവുക്കരിസ്തിയ’ ഏകദിന സെമിനാർ നടത്തി. വി. കുർബാനയെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനും വി. കുർബാന കേന്ദ്രീകൃതമായ ജീവിതം നയിക്കുവാനും വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിച്ച ഈ സെമിനാറിൽ ഇരുനൂറോളം അധ്യാപകർ പങ്കെടുത്തു. ഈ അധ്യയന വർഷം അഞ്ചാം ക്ലാസിലും പത്താം ക്ലാസിലും വിശ്വാസപരിശീലനം നടത്തുന്ന അധ്യാപകരാണ് സെമിനാറിൽ പങ്കെടുത്തത്. റവ. ഡോ. സിബി പുളിക്കൽ (പൊന്തിഫിക്കൽ സെമിനാരി, ആലുവ) ക്ലാസുകളെടുത്തു. ദിവ്യകാരുണ്യ ആരാധനയോടുകൂടി സെമിനാർ അവസാനിച്ചു.

## ഫെയ്ത്ത് @ ഹോം

മതബോധനവിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ വിശ്വാസപരിശീലനത്തിന്റെ ഭാഗമായി, രൂപതാ മതബോധനകേന്ദ്രം ഇടവകകൾ കേന്ദ്രീകരിച്ച് നടത്തുന്ന പ്രോഗ്രാമാണ് ഫെയ്ത്ത് @ ഹോം. 2022 ജൂൺ 11 ശനിയാഴ്ച മരുതോങ്കര ഫൊറോനാ ദൈവാലയത്തിൽ ഫെയ്ത്ത് @ ഹോം നടത്തി. നൂറിലധികം മാതാപിതാക്കൾ പങ്കെടുത്ത പ്രോഗ്രാമിന്റെ ആദ്യ സെഷന് സി. ഡെൽസി

MSMI യും (MSMI കോഴിക്കോട് പ്രൊവിൻഷ്യൽ) രണ്ടാമത്തെ സെഷന് റവ. ഫാ. ജോൺ പള്ളിക്കാവയലിലും (രൂപതാ മതബോധന ഡയറക്ടർ) നേതൃത്വം നൽകി. ക്ലാസുകൾക്കുശേഷം മാതാപിതാക്കളുടെ നിയോഗ സമർപ്പണവും ദിവ്യ കാരുണ്യ ആരാധനയും ഉണ്ടായിരുന്നു. പ്രോഗ്രാമിന്റെ എല്ലാ ക്രമീകരണങ്ങളും ഭംഗിയായി നിർവ്വഹിച്ച മരുതോങ്കര ഫൊറോന വികാരി ബഹു. സിബി കള ത്തൂരച്ചനും ഹെഡ്മാസ്റ്ററിനും പ്രത്യേകം നന്ദി.

## ACC ടീച്ചേഴ്സ് സംഗമം

യുവജന വിശ്വാസപരിശീലനത്തിന്റെ ഭാഗമായി താമരശ്ശേരി രൂപതാ മതബോധനകേന്ദ്രം പതിമൂന്നാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി ആരംഭിച്ചി രിക്കുന്ന ACC (Advanced Cource in Catechesis)- കോഴ്സിന്റെ ചുമതലയുള്ള അധ്യാപകരുടെ സംഗമം 2022 ജൂൺ 25 ശനിയാഴ്ച താമരശ്ശേരി രൂപതാ കേന്ദ്രത്തിൽവച്ച് നടത്തി. കോഴ്സിനെക്കുറിച്ചും അതിന്റെ സിലബസ്, പാഠ്യവി ഷയങ്ങൾ എന്നിവയെപ്പറ്റിയും അധ്യാപകരെ പരിചയപ്പെടുത്തി. മോൺ. ജോൺ ഒറവുങ്കര സംഗമം ഉദ്ഘാടനം ചെയ്തു. റവ. ഡോ. ബിനു കുളത്തിങ്കൽ ക്ലാസു കൾക്കു നേതൃത്വം നൽകി. ചർച്ചയ്ക്കും ദിവ്യകാരുണ്യ ആരാധനയ്ക്കുംശേഷം 4.00 മണിക്ക് സംഗമം അവസാനിച്ചു.

## വി. കുർബാനയും വിശുദ്ധരും: ഓൺലൈൻ പ്രോഗ്രാം

കുട്ടികളെ ദിവ്യകാരുണ്യത്തോടുള്ള സ്നേഹത്തിൽ അടുപ്പിക്കുന്നതി നുവേണ്ടി രൂപതാ വിശ്വാസപരിശീലനകേന്ദ്രം വി. കുർബാനയും വിശു ദ്ധരും എന്ന ഓൺലൈൻ പ്രോഗ്രാം ആരംഭിച്ചു. ഓരോ വിശുദ്ധരുടെയും ജീവി തത്തിൽ അവർ വി. കുർബാനയ്ക്ക് നൽകിയ പ്രാധാന്യവും വി. കുർബാന കേന്ദ്രീകൃതമായ അവരുടെ ജീവിതാനുഭവങ്ങളും കോർത്തിണക്കി കുട്ടികൾ നട ത്തുന്ന ലഘു പ്രഭാഷണങ്ങളുടെ പരമ്പരയാണ് ഈ പ്രോഗ്രാം. എല്ലാ മതാധ്യാ പകരും ഈ വീഡിയോ കുട്ടികൾക്ക് അയച്ചു കൊടുക്കുകയും അതിനോടൊപ്പം നൽകുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കു കയും ചെയ്യേണ്ടതാണ്.

## MCM (Media Catechetical Ministry)

മാധ്യമങ്ങൾ വഴിയുള്ള വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യത്തെ മുൻനിർത്തി രൂപതാ വിശ്വാസപരിശീലനകേന്ദ്രം വീഡിയോ റെക്കോർഡിംഗ് സ്റ്റുഡിയോ മതബോധന ഓഫീസിനോട് ചേർന്ന് സജ്ജീകരിച്ചു. മോൺ. ജോൺ ഒറവുങ്കര സ്റ്റുഡിയോയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വിശ്വാസസംബന്ധമായ ക്ലാസുകളും പ്രോഗ്രാമുകളും റെക്കോർഡ് ചെയ്യാൻ പര്യാപ്തമായ രീതിയിലാണ് സ്റ്റുഡിയോ സജ്ജീകരിച്ചിരിക്കുന്നത്.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

## വാർഷിക റിപ്പോർട്ട്

2021 -2022 പ്രവർത്തന വർഷത്തെ ശാഖ, മേഖല റിപ്പോർട്ട് ജൂലൈ 9 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കാൻ ഓർമ്മിപ്പിക്കുന്നു. റിപ്പോർട്ടിന്റെ ഒറിജിനൽ രൂപതയിലും ഒരു കോപ്പി മേഖലയിലും നൽകേണ്ടതാണ്. റിപ്പോർട്ടിന്റെ പേജുകൾ റിപ്പോർട്ട് ബുക്കിന്റെ അവസാന പേജുകളിൽ നല്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം റിപ്പോർട്ട് ബുക്ക് ഉപയോഗിക്കാത്തവർക്ക് രൂപത ഓഫീസിൽ നിന്നും റിപ്പോർട്ട് കോപ്പി ലഭ്യമാണ്. റിപ്പോർട്ടിന്റെ കോപ്പി pdf ആയും ലഭ്യമാണ്.

റിപ്പോർട്ട് എഴുതിയ ശേഷം ബഹു. വികാരിയച്ചന്റ ഒപ്പ്, ഇടവകയുടെ സീൽ എന്നിവ അതിൽ നിർബ്ബന്ധമായും പതിപ്പിക്കേണ്ടതാണ്. (ശാഖ മിഷൻ ലീഗിന്റെ പ്രത്യേക സീൽ ഇല്ലെങ്കിലും പള്ളിയുടെ സീൽ പതിപ്പിക്കണം). റിപ്പോർട്ട് അനുസരിച്ച് മികച്ച പ്രവർത്തനം നടത്തിയ ഇടവകകളിലും മേഖലകളിലും രൂപത സമിതി സന്ദർശനം നടത്തുന്നതാണ്.

## മാർ മങ്കുഴിക്കരി മെമ്മോറിയൽ ലേഖന മത്സരം

ജൂൺ 26 ന് മേഖലാ കേന്ദ്രങ്ങളിലും വെച്ച് സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിന് സഹായിച്ച മേഖലാ ഭാരവാഹികൾക്ക് നന്ദി പറയുന്നു. മേഖലകളിൽ നിന്നും ഏറ്റവും മികച്ച രണ്ടു രചനകൾ ജൂലൈ 4 ന് മുമ്പ് രൂപത ഓഫീസിലേയ്ക്ക് എത്തിക്കേണ്ടതാണ്.

## അംഗത്വ സ്വീകരണവും ഏയ്ഞ്ചൽസ് മീറ്റും

ജൂലൈ 3 ന് ഞായറാഴ്ച എല്ലാ ശാഖകളിലും അംഗത്വ സ്വീകരണവും, മീറ്റിങ്ങും (അസാധാരണ സമ്മേളനം) നടത്തേണ്ടതാണ്. മതബോധന വാർഷികമോ, മറ്റ് പ്രോഗ്രാമുകളോ കുട്ടികൾക്കു വേണ്ടി നടത്തുമ്പോൾ കഴിഞ്ഞ പ്രവർത്തന വർഷത്തെ റിപ്പോർട്ട്, കണക്ക് എന്നിവ പൊതുവായി വായിച്ച് പാസ്സാക്കേണ്ടതാണ്. അംഗത്വം സ്വീകരിക്കുന്നവർക്ക് ബാഡ്ജ് വെഞ്ചരിച്ച് നല്കുകയും അംഗത്വഫീസ് ആയി ഒരാളിൽ നിന്ന് 10 രൂപ ശേഖരിക്കുകയും ചെയ്യേണ്ടതാണ്. ശാഖകൾ നല്കുന്ന അംഗത്വ ഫീസ് മേൽഘടകമായ സംസ്ഥാന സമിതിക്ക് നല്കേണ്ടതിനാൽ രൂപത സമിതിയോട് സഹകരിക്കുമല്ലോ.

അംഗത്വം സ്വീകരിക്കുന്ന പുതിയ അംഗങ്ങൾക്കു വേണ്ടി മേഖല തലത്തിൽ ഏയ്ഞ്ചൽസ് മീറ്റ് (നവപ്രേഷിത സംഗമം) മേഖലയുടെ നേതൃത്വത്തിൽ തീരുമാനിച്ചു നടപ്പിൽ വരുത്തേണ്ടതാണ്. സംഗമത്തിൽ പതാക വന്ദനം, പ്രേഷിത റാലി തുടങ്ങിയ മിഷൻ ലീഗിന്റെ തനതായ പ്രോഗ്രാമുകൾ നടത്തേണ്ടതാണ്.

## തിരിനാളം - Skit Competition

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഇടവകയിൽനടത്തുന്ന കലാപരിപാടികളിൽ അൽഫോൻസാമ്മയുമായി ബന്ധപ്പെട്ട ഒരു Skit പൊതുവായി അവതരിപ്പിക്കുകയും അത് വീഡിയോ റെക്കോർഡ് ചെയ്ത് ടെലഗ്രാമിൽ അയയ്ക്കുകയും ചെയ്യുക. വീഡിയോ, ഓഡിയോ ക്ലാരിറ്റി ലഭിക്കുന്നതിന് സദസ്സിൽ അവതരിപ്പിച്ച ശേഷം മറ്റൊരു സമയത്ത് നന്നായി റെക്കോർഡ് ചെയ്തും നല്കാവുന്നതാണ്. സ്കിറ്റ് വീഡിയോ 8606203117 ടെലഗ്രാം നമ്പറിൽ അയയ്ക്കുന്നതോടൊപ്പം, സ്കിറ്റ് പൊതുവായി അവതരിപ്പിച്ചത് ആണെന്ന് സാക്ഷ്യപ്പെടുത്തുന്ന ബഹു. വികാരിയച്ചന്റെ ഒരു സാക്ഷ്യപത്രവും നല്കേണ്ടതാണ്.

## ശാഖാ വൈസ് ഡയറക്ടേഴ്സ് സംഗമം

ജൂലൈ 9 ശനിയാഴ്ച താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന ശാഖ വൈസ് ഡയറക്ടേഴ്സ് സംഗമത്തിൽ എല്ലാ വൈസ് ഡയറക്ടേഴ്സും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത സംഗമത്തിൽ പുതിയ മാർഗ്ഗരേഖയും ഈ വർഷം പ്രാർത്ഥിക്കുവാനുള്ള വൈദികരുടെ പേരും, മിഷൻ ഗ്രാമത്തിന്റെ പേരും ഓരോ ശാഖയ്ക്കും നല്കുന്നതാണ്. 9.30 am ന് രജിസ്ട്രേഷൻ (100 Rs) 10. am ന് മീറ്റിങ് ആരംഭിക്കുന്നു.

## പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കൽ

ശാഖ, മേഖല തലങ്ങളിൽ നിന്ന് കഴിഞ്ഞ വർഷത്തെ ഭാരവാഹികൾ സ്ഥാനം ഒഴിവായിട്ടുണ്ടെങ്കിൽ പുതിയ ഭാരവാഹികളെ ഏറ്റവും അടുത്ത സമ്മേളനത്തിൽ വെച്ച് തെരഞ്ഞെടുക്കേണ്ടതാണ്. ജൂനിയർ ഭാരവാഹികളായി +2 വരെയുള്ള കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. ശാഖയിൽ ഊർജ്ജസ്വലരായ മറ്റാരെങ്കിലും ഉണ്ടെങ്കിൽ ബഹു. ശാഖ ഡയറക്ടറുടെ അനുവാദത്തോടെ എക്സിക്യൂട്ടീവ് അംഗമായി ചേർക്കാവുന്നതാണ്.

## ശാഖാ - മേഖല വാർത്തകൾ

ശാഖയിലും മേഖലയിലും നടത്തുന്ന വ്യത്യസ്തങ്ങളായ പ്രോഗ്രാമുകൾ സംക്ഷിപ്ത രൂപത്തിൽ നല്കിയാൽ രൂപത ബുള്ളറ്റിനിൽചേർക്കുവാൻ സാധിക്കുന്നതാണ്. മേഖല സെക്രട്ടറി/ആനിമേറ്റർ എന്നിവർ അതു നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും

2022-2023 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും ജൂൺ 5 ഞായറാഴ്ച 9.30 ന് കട്ടിപ്പാറ ശാഖയിൽ വെച്ച് പതാക വന്ദനത്തോടെ ആരംഭിച്ചു. തുടർന്ന് പ്രേഷിത റാലി, വി. കുർബാന, സമ്മേളനം എന്നിവയോടെ

മനോഹരമായി സംഘടിപ്പിച്ചു. മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം നിർവഹിച്ചു. രൂപത പ്രസിഡണ്ട് ശ്രീ. ബാബു ചെട്ടിപറമ്പിൽ അധ്യക്ഷത നിർവ്വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ റവ. ഫാ. തോമസ് തേവടിയിൽ സ്വാഗതം ആശംസിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ എമ്പ്രയിൽ, രൂപത വൈസ് ഡയറക്ടർ സി. ആൻ മരിയ, ശാഖ വൈസ് ഡയറക്ടർ സി. അൽഫോൻസ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കട്ടിപ്പാറ ശാഖയ്ക്ക് സമിതിയുടെ പേരിൽ പ്രത്യേകം നന്ദി പറയുന്നു.

## മേഖല സമ്മേളനങ്ങൾ

താമരശ്ശേരി മേഖല മാനേജിങ് കമ്മിറ്റിയും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 19 ഞായറാഴ്ച പുതുപ്പാടി സെന്റ് ജോർജ് ദേവാലയത്തിൽ വെച്ച് നടത്തി. പതാക വന്ദനത്തിനും പ്രേഷിത റാലിക്കും ശേഷം നടന്ന മീറ്റിങ്ങിൽ വച്ച് താമരശ്ശേരി മേഖല 2022-23 പ്രവർത്തന വർഷം മിഷൻ ലീഗ് താമരശ്ശേരി രൂപത ഡയറക്ടർ ഫാ. തോമസ് തേവടിയിൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. മേഖല പ്രസിഡണ്ട് ബാബു ചെട്ടിപ്പറമ്പിൽ അധ്യക്ഷം വഹിച്ച മീറ്റിങ്ങിൽമേഖലാ വൈസ് ഡയറക്ടർ സിസ്റ്റർ അൽഫോൻസ SH, സെക്രട്ടറി പ്രകാശ് മാത്യു പുളിക്കേക്കര, വൈസ് പ്രസിഡന്റ് ടെസി ഷാജു നരിപ്പാറ, ജൂനിയർ പ്രസിഡണ്ട് ഡിറ്റോ ഡോൺ ഫ്രാൻസിസ് വടുതലയിൽ, ജനറൽ ഓർഗനൈസർ ജസ്റ്റിൻ ചിറപുറത്ത് എന്നിവർ സംസാരിച്ചു.

ജൂൺ 11 ന് കൂരാച്ചുണ്ട് മേഖല മീറ്റിങ്ങിൽ പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. മേഖല ഡയറക്ടർ റവ. ഫാ. നിർമ്മൽ പുലയൻപറമ്പിലിന്റെ നേതൃത്വത്തിൽ വെരി. റവ. ഫാ. വിൻസെന്റ് കണ്ടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

ജൂൺ 11 ന് കോടഞ്ചേരി മേഖല സമ്മേളനം റവ. ഫാ. ജെസ്വിൻ തുറവയ്ക്കലിന്റെ നേതൃത്വത്തിൽ നടത്തി. പ്രവർത്തന വർഷ ഉദ്ഘാടനം വെരി. റവ. ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ നിർവഹിച്ചു.

ജൂൺ 12ന് മരുതോങ്കര മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിങ് കമ്മറ്റിയും നടന്നു. മേഖല ഡയറക്ടർ ഫാ. ജിനോയ് പനയ്ക്കൽ ഉദ്ഘാടനം ചെയ്തു.

ജൂൺ 18 ന് വിലങ്ങാട് മേഖല പ്രവർത്തന വർഷ ഉദ്ഘാടനവും മാനേജിങ് കമ്മറ്റിയും നടന്നു. മേഖല ഡയക്ടർ ഫാ. അരുൺ ചീരമറ്റത്തിൽ ഉദ്ഘാടനം ചെയ്തു.

ചെറുപുഷ്പ മിഷൻ ലീഗ് തോട്ടുമുക്കം മേഖല പ്രവർത്തന വർഷ ആരം

ഭം വെറ്റിലപ്പാറയിൽ ജൂൺ 19 ന് നടന്നു. മേഖല ഡയറക്ടർ ഡാന്റീസ് കിഴക്കരക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപത ഓർഗനൈസർ ജോയ് ജോർജ് നേതൃത്വം നൽകി. അന്നേ ദിവസം തന്നെ എല്ലാ ശാഖാകളിലും തിരി തെളിയിച്ചു ശാഖാ പ്രവർത്തനകളും ആരംഭിച്ചു.

ജൂൺ 18 ന് തിരുവമ്പാടി മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിങ് കമ്മറ്റിയും നടന്നു. മേഖല ഡയറക്ടർ റവ. ഫാ. സൈമൺ കിഴക്കേക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ വെരി. റവ. ഫാ. തോമസ് നാഗപറമ്പിൽ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. മീറ്റിങ്ങിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

ജൂൺ 19 ന് പാറോപ്പടി മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിങ് കമ്മറ്റിയും പാറോപ്പടി ഫെറോന ദേവാലയത്തിൽ വച്ച് മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

ജൂൺ 26 ന് മലപ്പുറം മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിങ് കമ്മറ്റിയും മലപ്പുറം ഫെറോന ദേവാലയത്തിൽ വച്ച് മേഖല ഡയറക്ടർ റവ. ഫാ. ഷിബിൻ തിട്ടയിൽ അച്ചന്റെ അധ്യക്ഷതയിൽ ഫെറോന വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി

പെരിന്തൽമണ്ണ മേഖലയുടെ 2022-2023 പ്രവർത്തന വർഷ ഉദ്ഘാടനവും, മാനേജിംഗ് കമ്മറ്റിയും, മാർഗരേഖ പ്രകാശനവും ജൂൺ 19-ാം തീയതി 2 pm ന് അൽഫോൻസാ ഫൊറോന പള്ളിയിൽ വച്ച്. ശ്രീ. ബെന്നി മൈക്കിൾ പുളിക്കലിന്റെ (മേഖല പ്രസിഡന്റ്) അധ്യക്ഷതയിൽ ചേർന്നു. സംഗമത്തിന് ബഹു. ഫാ. ജോമോൻ പാട്ടശ്ശേരിയിൽ സ്വാഗതം പറഞ്ഞു. ഫെറോന വികാരി വെരി. റവ. ഫാ. ആന്റണി കാരികുന്നേൽ പ്രവർത്തനവർഷ ഉദ്ഘാടനം ചെയ്ത് മാർഗരേഖ പ്രകാശനം നടത്തി. അലൻ കുന്നത്തേട്ട്, മാത്യു, നിഷ, എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### വൈസ് ഡയറക്ടേഴ്സിനു നന്ദി

കഴിഞ്ഞ വർഷങ്ങളിൽ ചെറുപുഷ്പ മിഷൻ ലീഗ് മേഖല വൈസ് ഡയറക്ടേഴ്സ് ആയിരുന്നുകൊണ്ട് പ്രവർത്തനങ്ങളെ ഏറെ സഹായിച്ച ബഹു. സിസ്റ്റേഴ്സിന് നന്ദിയുടെ നറുമലരുകൾ.

സി. ജെയ്സ് SABS, മലപ്പുറം
സി. അർച്ചന SABS, തോട്ടുമുക്കം
സി. സ്നേഹ SABS, തിരുവമ്പാടി
സി. അൽഫോൻസ് SABS, കോടഞ്ചേരി
സി. മരിയറ്റ് SH, കൂരാച്ചുണ്ട്
സി. ജിസ റോസ് SABS, മരുതോങ്കര
സി. ദീപ FCC, വിലങ്ങാട്
സി. ബീന FCC, പാറോപ്പടി

## പുതിയ വൈസ് ഡയറക്ടേഴ്സിനു സ്വാഗതം

പുതുതായി മേഖല വൈസ് ഡയറക്ടേഴ്സ് ആയി ചാർജ് എടുത്തിരിക്കുന്ന ബഹു. സിസ്റ്റേഴ്സിനു സ്വാഗതം.

സി. ഏയ്ഞ്ചൽ SABS, മലപ്പുറം
സി. സെറിൻ CMC, തോട്ടുമുക്കം
സി. ജ്യോതി മരിയ CMC, തിരുവമ്പാടി
സി. അർച്ചന FCC, കോടഞ്ചേരി
സി. ജെസ്ലിൻ FCC, കൂരാച്ചുണ്ട്
സി. ലിസ ജോസ് SH, മരുതോങ്കര
സി. ലിൻസി റോസ് SABS, വിലങ്ങാട്
സി. കൃപ SH, പാറോപ്പടി

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

| | |
|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | വി. മരിയാഗൊരേത്തി, വി. അൽഫോൻസാമ്മ |
| പ്രാർത്ഥനാ നിയോഗം | വിദ്യാർത്ഥിനി/വിദ്യാർത്ഥികൾക്കുവേണ്ടി |
| സുകൃതജപം | എന്റെ കർത്താവേ, എന്റെ ദൈവമേ |
| വചനം | വഴിയും സത്യവും ജീവനും ഞാനാകുന്നു (യോഹ.14:6) |
| 03 ഞായർ | മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (കടമുള്ള ദിവസം) |
| 05 ചൊവ്വ | യുവജനദിനം - എല്ലാ യുവജനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു |
| 06 ബുധൻ | വി. മരിയാഗൊരോത്തി |
| 17 ഞായർ | വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരു നാൾ ദിനം |
| 22 വെള്ളി | വി. മഗ്ദലേന മറിയം |
| 25 തിങ്കൾ | വി. യാക്കോബ് ശ്ലീഹാ |
| 26 ചൊവ്വ | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനം, വി. യോവാക്കിം, വി. അന്ന തിരുനാൾ |
| 28 വ്യാഴം | വി. അൽഫോൻസാമ്മയുടെ തിരുനാൾ |
| 30 ശനി | വി. ഇഗ്നേഷ്യസ് ലയോള തിരുനാൾ |
| 31 ഞായർ | മതബോധന ദിനം |
| പ്രവൃത്തി | വി. അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കുക |
| ഗീതം | കുടമാളൂരിൽ തളിർത്ത വല്ലരിയേ |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ജൂൺ മാസത്തിലെ ക്ലാസ്സുകൾ 11, 25 തീയതികളിൽ നടന്നു. ജൂൺ 11ലെ ക്ലാസ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും ഇരിങ്ങാലക്കുട രൂപത വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടറുമായ ബഹു. ഡോ. റിജോയ് പഴയാറ്റിൽ അച്ചനാണ്.

'പരിശുദ്ധ കുർബാനയിലെ റൂഹാക്ഷണ പ്രാർത്ഥന: വിശുദ്ധീകരണ നിമിഷം' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ക്ലാസ്സ് നയിച്ചത്. ജൂൺ 25ന് നടന്ന ക്ലാസ്സ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും ബനഡിക്ടൈൻ സന്യാസിയുമായ ബഹു. ഡോ. സെബാസ്റ്റ്യൻ ഇടവഴിക്കൽ OSB അച്ചൻ ആണ്. 'സീറോ മലബാർ കുർബാനയിലെ അനാഫൊറകൾ : ഒരു ചരിത്രാവലോകനം' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ക്ലാസ്സ് നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ജൂൺ മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ചിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെ നടത്തുന്നു. അമ്പതോളം പേർ നിലവിൽ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. ഈ ക്ലാസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 82813 46179 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# ബൈബിൾ അപ്പോസ്തോലേറ്റ്

## ലോഗോസ് ക്വിസ് -2022

ലോഗോസ് ക്വിസ് 2022 പരീക്ഷയെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

### 1. പഠനഭാഗങ്ങൾ

ജോഷ്വ 1-12; പ്രഭാഷകൻ 23-26; മർക്കോസ് 9-16; 1 കോറിന്തോസ് 9-16

### 2. രജിസ്ട്രേഷൻ

ഓൺലൈൻ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2022 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2022 ജൂലൈ 31 നും ആയിരിക്കും. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന മൂന്ന് ഇടവകകൾക്ക് പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നല്കുന്നതായിരിക്കും.

### 3. പരീക്ഷ തീയതികൾ

രൂപതാതലത്തിലുള്ള പൊതുപരീക്ഷ **2022 സെപ്റ്റംബർ 25 ഞായറാഴ്ച** 2 മുതൽ 3.30 വരെ നടത്തപ്പെടുന്നു. സംസ്ഥാന തല പരീക്ഷ 2022 നവംബർ 6നും, മെഗാഫൈനൽ പരീക്ഷ 2022 നവംബർ 19,20 തീയതികളിലും നടത്തപ്പെടുന്നു.

ബൈബിൾ പഠിക്കുവാനുള്ള ഈയവസരം ഏവരും ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ബൈബിൾ അപ്പസ്തോലേറ്റ്

# സെമിനാരി വാർത്തകൾ

### ഒന്നാം വർഷ തത്വശാസ്ത്ര, ദൈവശാസ്ത്ര വിദ്യാർത്ഥികൾ

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിലേയ്ക്ക് തത്വശാസ്ത്ര പഠനത്തിനായി 5 വൈദിക വിദ്യാർത്ഥികളും ദൈവശാസ്ത്ര പഠനത്തിനായി 8 വൈദിക വിദ്യാർത്ഥികളുമാണ് പോയത്.

### ഗുഡ്ഷെപ്പേഡ് മേജർ സെമിനാരി കുന്നോത്ത്

*ഫിലോസഫി*

1 ബ്ര. മാത്യു തിട്ടയിൽ (അബിൻ) കരിയാത്തുംപാറ

*തിയോളജി*

1 ബ്ര. ജോസഫ് വെള്ളാപ്പള്ളിൽ (അലൻ) പുല്ലൂരാംപാറ
2 ബ്ര. മാത്യു തുറവയ്ക്കൽ (അരുൺ) കണ്ണോത്ത്

### സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ

*ഫിലോസഫി*

1 ബ്ര. ജോസഫ് തെങ്ങുംപള്ളിൽ (അലൻ) ചക്കിട്ടപ്പാറ
2 ബ്ര. ടോം കൊച്ചുവീട്ടിൽ (വിവേക്) കാറ്റുള്ളമല

*തിയോളജി*

1 ബ്ര. ജോസഫ് പുറത്തൂട്ട് (നവീൻ) തിരുവമ്പാടി
2 ബ്ര. ജോസഫ് മലമ്പേൽ (സാവിയോ) പൂതംപാറ

### സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി വടവാതൂർ

*ഫിലോസഫി*

1 ബ്ര. ജോയൽ ഓത്തിക്കൽ കൂരോട്ടുപാറ
2 ബ്ര. തോമസ് കണ്ണംപള്ളി (മനു) ചീരട്ടാമല

*തിയോളജി*

1 ബ്ര. ജോൺ കോനുക്കുന്നേൽ (എഡ്വിൻ) കൂരാച്ചുണ്ട്
2 ബ്ര. സെബാസ്റ്റ്യൻ തോട്ടമറ്റത്തിൽ (സെബിൻ) വെട്ടത്തൂർ

## സെന്റ് എഫ്രേഡ് തിയോളജിക്കൽ കോളേജ്, സത്ന

*തിയോളജി*

1 ബ്ര. സെബാസ്റ്റ്യൻ പല്ലാട്ട് (ജെറാൾഡ്) പുന്നയ്ക്കൽ
2 ബ്ര. ജോസഫ് പോത്തനാമുഴിയിൽ (അലൻ) കോടഞ്ചേരി

## റീ ഓപ്പണിംഗ് & ബെഞ്ചമിൻസ്

പുതുപുത്തൻ പ്രതീക്ഷകളുമായി താമരശ്ശേരി രൂപതാ മൈനർ സെമിനാരി അതിന്റെ ജൈത്രയാത്ര പുനരാരംഭിച്ചു. ഈ വർഷം 20 പേരാണ് മൈനർ സെമിനാരിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. വൈദിക പരിശീലനത്തിന്റെ ആദ്യ പടവുകൾ ചവിട്ടിതുടങ്ങിയിരിക്കുന്ന കുഞ്ഞു സഹോദരങ്ങൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. ഒന്നാം വർഷം വൈദിക പരിശീലനം ആരംഭിച്ചിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ പേരും ഇടവകയും:-

1 ബ്ര. ചേക്കാക്കുഴിയിൽ ജോസഫ് (എഡ്വിൻ) കൂടരഞ്ഞി
2 ബ്ര. ചുണ്ടയിൽ ടോം (മെൽബിൻ) ബാലുശ്ശേരി
3 ബ്ര. കല്ലറയ്ക്കൽ മാത്യു (അലക്സ്) കല്ലാനോട്
4 ബ്ര. കള്ളിക്കാട്ടു ജോസഫ് (ആശിഷ്) കോടഞ്ചേരി
5 ബ്ര. കല്ലുപ്രായിൽ ഐസക് (അബിൻ) പുന്നയ്ക്കൽ
6 ബ്ര. കണിപറമ്പിൽ അബ്രാഹം (അബി) വിലങ്ങാട്
7 ബ്ര. കാരക്കൊഴുപ്പിൽ ജോസഫ് (അബിൻ), വാളൂക്ക്
8 ബ്ര. കാവിൽപുരയിടത്തിൽ ജോസഫ് (അലയൻസ്) വാളൂക്ക്
9 ബ്ര. കൂഴമ്പാല ആൽബിൻ പുതുപ്പാടി
10 ബ്ര. കോട്ടയ്ക്കൽ ജോസഫ് (ആഷിൻ) കൂടരഞ്ഞി
11 ബ്ര. കുളങ്ങരതട്ടിയിൽ മാത്യു (മാത്യൂസ്) വലിയകൊല്ലി
12 ബ്ര. കുളപ്പുറത്ത് ആന്റണി (ബെസ്റ്റിൻ) കാക്കവയൽ
13 ബ്ര. മഠത്തിക്കുന്നേൽ ജോസഫ് (സഞ്ചു) പനംപ്ലാവ്
14 ബ്ര. മംഗലപ്പിള്ളി മിഖായേൽ (ആൽബി) വേനപ്പാറ
15 ബ്ര. മണ്ണൂർ മാത്യൂസ് (ആൽഡ്രിൻ) ബാലുശ്ശേരി
16 ബ്ര. നെല്ലിമൂട്ടിൽ ജോസഫ് (ജിജിൽ) വാളൂക്ക്
17 ബ്ര. ഒറ്റപ്ലാക്കൽ ദേവസ്യ (ആൽബിൻ) വയലട
18 ബ്ര. പുത്തേട്ട് ജോസഫ് (അലൻ) പനംപ്ലാവ്
19 ബ്ര. തോട്ടുങ്കൽ സെബാസ്റ്റ്യൻ (അതുൽ) കൂരാച്ചുണ്ട്
20 ബ്ര. തുറവയ്ക്കൽ സ്റ്റെനി ക്രിസ്റ്റോ കൂരാച്ചുണ്ട്

## മൈനർ സെമിനാരി വെഞ്ചരിപ്പും തിരുഹൃദയ പ്രതിഷ്ഠയും

ഈ അധ്യയന വർഷം പ്രാർത്ഥനയോടെ ആരംഭിക്കുന്നതിന്റെ ഭാഗമായി സെമിനാരിയുടെ വെഞ്ചരിപ്പും തിരുഹൃദയ പ്രതിഷ്ഠയും താമരശ്ശേരി രൂപതാ വികാരി ജനറാൾ, മോൺ. ജോൺ ഒറവുങ്കരയുടെ മുഖ്യകാർമ്മികത്വത്തിൽ ജൂൺ 14 ന് നടത്തപ്പെട്ടു.

## അധ്യായന വർഷ ഉദ്ഘാടനം

2022-23 അധ്യയന വർഷത്തിന്റെ ഔപചാരികാമായ ഉദ്ഘാടനം ജൂൺ 15 -ാം തീയതി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംങ്ങിൽ താമരശ്ശേരി രൂപതാ വികാരി ജനറാൾ, മോൺ. ജോൺ ഒറവുങ്കര അനുഗ്രഹപ്രഭാഷണവും അധ്യയനവർഷ ഉദ്ഘാടനവും നടത്തി. അതോടൊപ്പംതന്നെ താമരശ്ശേരി സെന്റ് അൽഫോൻസ സ്കൂളിന്റെ പ്രിൻസിപ്പാൾ റവ. ഫാ. ജിൽസൺ തയ്യിൽ, എപ്രകാരമാണ് പഠിക്കേണ്ടതെന്നും, അതിനായി എന്തൊക്കെ ചെയ്യണമെന്നും വൈദിക പരിശീലനത്തിന്റെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി സ്കോളാ ബ്രേവീസ് നടത്തി. സെമിനാരി റെക്ടർ വെരി. റവ. ഫാ. ജേക്കബ് അരീത്തറ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും, വൈസ് റെക്ടർ റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ എല്ലാവർക്കും കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ വച്ച് സെമിനാരിയുടെ ഈ വർഷത്തെ Hand Book & Calender ബഹു. മോൺ ഒറവുങ്കര പ്രകാശനം ചെയ്തു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# വിദ്യാഭ്യാസരംഗം

### എസ്എസ്എൽസി പരീക്ഷ ഫലം

2022 ലെ എസ്എസ്എൽസി പരീക്ഷയിൽ കോർപ്പറേറ്റ് ഹൈസ്കൂളുകൾ മികച്ച വിജയം കരസ്ഥമാക്കി. പരീക്ഷയെഴുതിയ 2569 വിദ്യാർത്ഥികളിൽ 2563 പേർ ഉപരി പഠനത്തിന് യോഗ്യത നേടി. 324 പേർ മുഴുവൻ വിഷയത്തിലും $A^+$ നേടി. കോർപ്പറേറ്റ് തലത്തിൽ 99.99 ശതമാനം വിജയം കൈവരിക്കാനായി.

തിരുവമ്പാടി സേക്രട്ട് ഹാർട്ട് എച്ച്എസ്, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്, കട്ടിപ്പാറ ഹോളിഫാമിലി എച്ച്എസ്, കണ്ണോത്ത് സെന്റ് ആന്റണീസ് എച്ച്.എസ്, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് എച്ച്എസ്, കോടഞ്ചേരി സെന്റ് ജോസഫ്സ് എച്ച്എസ്, കല്ലാനോട് സെന്റ് മേരീസ് എച്ച്എസ്, നെല്ലിപ്പൊയിൽ സെന്റ് ജോൺസ് എച്ച്എസ്, വേനപ്പാറ ഹോളി ഫാമിലി എച്ച്എസ്, കണ്ടുതോട് പിടിസിഎം എച്ച്എസ്, മരുതോങ്കര സെന്റ് മേരീസ് എച്ച്എസ്, പടത്തുകടവ് ഹോളിഫാമിലി എച്ച്എസ്, പുന്നയ്ക്കൽ സെന്റ് സെബാസ്റ്റ്യൻസ് എച്ച്സ്, കക്കാടംപൊയിൽ സെന്റ് മേരീസ് എച്ച്എസ്, ചെമ്പനോട സെന്റ് ജോസഫ്സ് എച്ച് എസ്, കുളത്തുവയൽ സെന്റ് മേരീസ് എച്ച്എസ്, കൂരാച്ചുണ്ട് സെന്റ് തോമസ് എച്ച്എസ്, മരഞ്ചാട്ടി മേരിഗിരി എച്ച്എസ്, വിലങ്ങാട് സെന്റ് ജോർജ്ജസ് എച്ച്എസ്, തോട്ടുമുക്കം സെന്റ് തോമസ് എച്ച്എസ് എന്നീ സ്കൂളുകൾ നൂറ് ശതമാനം വിജയം നേടി. അഭിമാനകരമായ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച വിദ്യാർത്ഥികളെയും, അധ്യാപകരെയും രക്ഷിതാക്കളെയും രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് എന്നിവർ അഭിനന്ദിച്ചു.

### പ്ലസ് ടു പരീക്ഷ ഫലം

2022 വർഷത്തെ പ്ലസ്ടു പരീക്ഷയിൽ താമരശേരി കോർപ്പറേറ്റിലെ ഹയർസെക്കണ്ടറി സ്കൂളുകൾ മികച്ച വിജയം നേടി. 1105 വിദ്യാർത്ഥികൾ പരീക്ഷയെഴുതിയതിൽ 990 പേർ ഉപരി പഠനത്തിനു യോഗ്യത നേടി. 170 പേർ ഫുൾ $A^+$ കരസ്ഥമാക്കി. കൂരാച്ചുണ്ട് സെന്റ് തോമസ് ഹയർ സെക്കണ്ടറി, പടത്തുകടവ് ഹോളിഫാമിലി ഹയർസെക്കണ്ടറി, തോട്ടുമുക്കം സെന്റ് തോമസ് ഹയർ സെക്കണ്ടറി എന്നീ സ്കൂളുകൾ സയൻസ് വിഭാഗത്തിൽ നൂറ് ശതമാനം വിജയം നേടി. പുല്ലൂരാംപാറ ഹയർ സെക്കണ്ടറി സ്കൂളിലെ **മേഘ്ന ബെന്നി, ജൂലിയ ബിജു** എന്നിവർ മുഴുവൻ മാർക്കും നേടി (1200/1200) റിക്കാർഡ് വിജയം കരസ്ഥമാക്കി.

## ആദരാഞ്ജലികൾ

താമരശേരി കോർപ്പറേറ്റിലെ വിവിധ സ്കൂളുകളിൽ ദീർഘനാൾ സ്തുത്യർഹ സേവനം അനുഷ്ഠിച്ച ശേഷം വിശ്രമജീവിതം നയിച്ചിരുന്ന ശ്രീ. കെ.ടി. സ്റ്റീഫൻ കളപ്പുരയ്ക്കൽ (റിട്ടയേർഡ് ഹെഡ്മാസ്റ്റർ വിമല യു.പി.സ്കൂൾ മഞ്ഞുവയൽ), ശ്രീമതി. അന്നമ്മ പി.എ. (റിട്ടയേർഡ് ടീച്ചർ സെന്റ് ജോർജ്ജസ് ഹൈസ്കൂൾ വിലങ്ങാട്), ശ്രീമതി. കെ.വി.മേരി (റിട്ടയേർഡ് ടീച്ചർ സെന്റ് മേരീസ് ഹൈസ്കൂൾ, മരുതോങ്കര) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട ഈ അധ്യാപകരുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിലിന്റെ നേതൃത്വത്തിൽ കൗൺസിലിംഗും ക്ലാസ്സുകളും ഓഫ് ലൈനായും ഓൺലൈനായും നടത്തുന്നു.

- കപ്പൂച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM Cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) JPI യിലെ ഫാക്കൽറ്റിയായി സേവനം ചെയ്യുന്നു. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ജോജി അച്ചന്റെ സേവനം കൗൺസിലിംഗിലും സംലഭ്യമാണ്.
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിൽഡിംഗ് നിർമ്മാണം (ഫസ്റ്റ് ഫ്ളോർ) ദ്രുതഗതിയിൽ പുരോഗമിക്കുന്നു.
- അഡ്മിഷൻ തുടരുന്നു.

1 എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി

2 ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ)

എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു. കൗൺസിലിംഗ് ആവശ്യമുള്ളവർക്കും കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താല്പര്യമുള്ളവർക്കും താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Contact No: 9496575018, 9037379180

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## E-Learning Intensive Basic and Advanced English Course

ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം അത്യന്താപേക്ഷിതമാണ്. ഇംഗ്ലീഷ് ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇഗ്ലീഷ്പഠനം, യുക്തിവിചാരം (Logical Reasoning) എന്നീവിഷയങ്ങൾ ഉൾപ്പെടുത്തിയ E-learning course 2022ജൂലൈ 15ന് ആരംഭിക്കുന്നു. Basic level, advanced level എന്നിങ്ങനെ രണ്ട് ബാച്ചുകളായിതിരിച്ചാണ് ഈ കോഴ്സ് നടത്തപ്പെടുക. 8, 9, 10, 11 ക്ലാസ്സുകൾ പൂർത്തിയായവർക്കും, പ്ലസ്ടുവോ ഡിഗ്രിയോ പിജിയോ കഴിഞ്ഞവർക്കും, ബഹു. സിസ്റ്റേഴ്സ്, വൈദിക വിദ്യാർത്ഥികൾ എന്നിവർക്കും ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. സ്റ്റാർട്ട് വെബ്സൈറ്റ് വഴി നൽകപ്പെടുന്ന ക്ലാസ്സുകൾ ഏത് സമയത്തും പങ്കെടുക്കാൻ പറ്റുന്നവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. താല്പര്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 2022 - 23 Master Training Course (MTC)

സ്റ്റാർട്ട്നടത്തുന്ന Master Training Course (MTC) ജൂലൈ 1ന് ആരംഭിക്കും. പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കായുള്ള ഈ കോഴ്സ് പൂർണ്ണമായും സ്റ്റാർട്ടിൽ താമസിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. പതിനേഴാമത്തെ ബാച്ചാണ് ഈ വർഷം ആരംഭിക്കുന്നത്. സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമ്മിക ബോധവുമുള്ള മുൻ നിരനേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലന പരിപാടിയുടെ മുഖ്യലക്ഷ്യമാണ്.

പുതിയ അധ്യയനവർഷത്തിലേക്കുള്ള കുട്ടികളുടെ അഡ്മിഷൻ ടെസ്റ്റും ഇന്റർവ്യൂവും ജൂൺ 25 ന് നടന്നു. പള്ളികളിൽ അറിയിക്കുകയും കുട്ടികളെ പറഞ്ഞുവിടുന്നതിൽ ശ്രദ്ധപതിപ്പിക്കുകയും ചെയ്ത ബഹു. വികാരിയച്ചന്മാർക്കും കുട്ടികളുടെ മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

പുതിയ ബാച്ചിലേക്കുള്ള അപേക്ഷ ഇനിയും അയയ്ക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഓഫീസ്: 0495 2357843, 8590468035 (WhatsApp);

E-mail: startindia@gmail.com.
Administrative Director: 9744458111;
E-mail: startofficial22@gmail.com.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡിമിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

# ആൽഫ മരിയ അക്കാദമി

## സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കേഴ്സ് ഉദ്ഘാടനം

ആൽഫാ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ നടത്തുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ 2022-2023 ലേക്കുള്ള പുതിയ ബാച്ചിന്റെ ഉദ്ഘാടനം മഞ്ചേരി നസ്രത്ത് സ്കൂളിൽ വച്ച് 18.6.22 ശനിയാഴ്ച ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ സി. നവീന ഉദ്ഘാടനം ചെയ്തു. ആൽഫാ മരിയ അക്കാദമി ഡയറക്ടർ ഫാ. ജോസഫ് പുളിച്ചമാക്കൽ അധ്യക്ഷസ്ഥാനം വഹിച്ച ചടങ്ങിൽ കോഴ്സ് കോ-ഓർഡിനേറ്റർ ശ്രീ എബ്രാഹം പൈനാപ്പള്ളിൽ ആശംസകൾ നേർന്നു. എല്ലാ ശനിയാഴ്ചകളിലും രാവിലെ 9.30 മുതൽ 12.30 വരെയാണ് ക്ലാസ്സുകൾ നടക്കുന്നത്.

സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ക്ലാസുകൾ പെരിന്തൽമണ്ണ അമല അക്കാദമിയിൽ വച്ച് ജൂലൈ 3 മുതൽ ആരംഭിക്കുന്നു. തിരുവമ്പാടി, കുന്നമംഗലം എന്നീ സെന്ററുകളിൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ക്ലാസുകൾ ജൂലൈ 3 മുതൽ ആരംഭിക്കുന്നു.

## കെ-ടെറ്റ് പരിശീലനം

കെ-ടെറ്റിന്റെ പുതിയ ബാച്ച് ജൂൺ 25 ന് ആരംഭിക്കുന്നു. കാറ്റഗറി I & II എഴുതുന്നവർക്കാണ് പരിശീലനം നൽകുന്നത്.

2022 മെയിൽ നടന്ന കെ-ടെറ്റ് പരീക്ഷയിൽ ആൽഫ മരിയ അക്കാദമിയിൽനിന്നും പരിശീലനം നേടിയവർ മികച്ച വിജയം കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## ജർമ്മൻ ഭാഷാ പരിശീലനം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ കോഴിക്കോട് പി.എം.ഒ.സിയിൽ വച്ച് ജൂൺ 27-ാം തീയതി മുതൽ ജർമ്മൻ ഭാഷ പരിശീലനത്തിൽ മികച്ച് നിൽക്കുന്ന സൺറൈസ് താലന്ത് ഭാഷാ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്.

ജർമ്മനിയിൽ വിവിധ ജോലി സാധ്യതകൾ അനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ് ടു അടിസ്ഥാന യോഗ്യതയുള്ളവർക്കാണ് ജർമ്മൻ ഭാഷ പഠിക്കാനുള്ള അവസരം ഉള്ളത്.

## കരിയർ ഗൈഡൻസ് ക്ലാസ്സ്

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ മഞ്ചേരി നസ്രത്ത് സ്കൂളിൽ

വച്ച് ജൂൺ 10 ന് രാവിലെ 9.30 മുതൽ 12.30 വരെ ഒരു കരിയർ ഗൈഡൻസ് ക്ലാസു നടത്തുകയും സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന് വേണ്ടിയുള്ള എൻട്രൻസ് പരീക്ഷ നടത്തുകയും ചെയ്തു. സെമിനാറിന് നേതൃത്വം നൽകിയത് ശ്രീ. എബ്രഹാം പൈനാപ്പള്ളിൽ ആണ്.

### പ്ലസ് വൺ ട്യൂഷൻ ക്ലാസും എൻട്രൻസ് പരിശീലനവും

2022-2023 അധ്യായന വർഷത്തേക്കുള്ള പ്ലസ് വൺ വിദ്യാർത്ഥികൾക്കായി ആൽഫ മരിയ അക്കാദമിയിൽ ട്യൂഷൻ ക്ലാസും എൻട്രൻസ് പരിശീലനവും ആരംഭിച്ചിരിക്കുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

## കെ.സി.വൈ.എം.
## എസ്.എം.വൈ.എം

### പെന്തക്കുസ്ത ഒരുക്കം, ദിനാചരണം

1. മെയ് 27 മുതൽ ജൂൺ 4 വരെ പെന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് Holy Fire- വാട്സ് ആപ്പ് ഗ്രൂപ്പിൽ പത്ത് ദിവസങ്ങളിലായി പരിശുദ്ധാത്മാവിനോട് അനുബന്ധിച്ച ഒരു ലക്ഷം വചനങ്ങൾ ഉരുവിട്ടുകൊണ്ട് പ്രാർത്ഥനായജ്ഞം നടത്തി. 300 ഓളം പേർ പങ്കെടുത്തു.
2. സ്പിരിചൽ ടീമംഗങ്ങൾ ഒന്നുചേർന്ന് ഗൂഗിൾ മീറ്റ് വഴി പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലി ഒമ്പത് ദിവസങ്ങളിലായി പ്രാർത്ഥിച്ച് ഒരുങ്ങുകയും എല്ലാദിവസവും സ്പിരിചൽ ടോക്ക് നടത്തുകയും ചെയ്തു. ഫാ . സായി പാറൻകുളങ്ങര, ഫാ. ബിജോ പനച്ചിക്കൽ, ഫാ. ലിൻസ് മുണ്ടക്കൽ , ഫാ. ജെസ്വിൻ തുറവയ്ക്കൽ, ഫാ. അമൽ പുരയിടത്തിൽ, ഫാ. ജിജോ കളപ്പുരക്കൽ, സബിൻ തൂമുള്ളിൽ, ജോർജ്ജ് വെള്ളക്കാക്കുടിയിൽ, ഫാ. ലിവിൻ ചിറതലയ്ക്കൽ എന്നിവർ ഒമ്പത് ദിവസങ്ങളിലായി സന്ദേശം നൽകി.
3. പെന്തക്കുസ്ത ദിനത്തിൽ വൈകുന്നേരം ഒൻപത് മുതൽ സംഘടിപ്പിച്ച ഓൺലൈൻ പ്രാർത്ഥന യജ്ഞത്തിൽ ഫാ. ജെറിൻ തുരുത്തേൽ CMI ആത്മീയ ഉണർവ്വ് നൽകുന്ന സന്ദേശം നൽകി. തുടർന്ന് അരമണിക്കൂർ ദിവ്യകാരുണ്യ ആരാധനയോടുകൂടെ പെന്തക്കോസ്ത വാരാചരണത്തിന് സമാപനമായി.

### പെന്തക്കുസ്താദിന ആരാധന

ജൂൺ 5 പെന്തക്കുസ്ത് ദിനത്തോടനുബന്ധിച്ച് രൂപതയിലെ വിവിധ യൂണിറ്റുകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തി.

### സമുദായ ശാക്തീകരണ റാലി  പങ്കാളിത്തം

മെയ് 28 ന് കോടഞ്ചേരിയിൽ വെച്ച് നടന്ന സമുദായ ശാക്തീകരണ റാലിയിൽ രൂപതയുടെ വിവിധ മേഖലകളിൽ നിന്നുള്ള നിരവധി യുവജനങ്ങൾ ആവേശത്തോടെ പങ്കെടുത്തു. കോടഞ്ചേരി യൂണിറ്റിന്റെ നേതൃത്വം നടത്തിയ ഫ്ളാഷ് മോബ്, ടാബ്ലോ എന്നിവ ശ്രദ്ധേയമായി. നേതൃത്വം നൽകിയ യുവജനങ്ങൾക്ക് അഭിനന്ദനങ്ങൾ.

### അത്‌ലറ്റികോസ്  ഷട്ടിൽ ടൂർണമെന്റ്

കെസിവൈഎം താമരശ്ശേരി രൂപതയുടെ കായികമേള അതിലെറ്റിക്കോസ് 22 ന് തുടക്കമായി. കൂരാച്ചുണ്ട് മേഖല ആതിഥേയത്വം വഹിച്ച ബാഡ്മിന്റൺ ടൂർണമെന്റിൽ മരഞ്ചാട്ടി യൂണിറ്റ് വിജയികളായി. കാറ്റുള്ളമല ടീം രണ്ടാം സ്ഥാനം നേടി. താമരശ്ശേരി രൂപതയിലെ വിവിധ മേഖലകളിൽ നിന്നും 28 ടീമുകൾ പങ്കെടുത്തു. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ മത്സരം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. കൂരാച്ചുണ്ട് മേഖല ഡയറക്ടർ ഫാ. ജിത്ത് കൊച്ചു കൈപ്പയിലിന്റെയും മേഖലാ പ്രസിഡണ്ട് ജോയലിന്റെയും നേതൃത്വത്തിലുള്ള സംഘാടന ടീമിന് ഹൃദയപൂർവം നന്ദി.

### അത്‌ലറ്റികോസ്  ക്രിക്കറ്റ് ടൂർണമെന്റ്

ജൂൺ 11 ന് കോടഞ്ചേരി മേഖലയുടെ ആതിഥേയത്വത്തിൽ  സംഘടിപ്പിക്കപ്പെട്ട അതിലെറ്റിക്കോസ് 2022  ക്രിക്കറ്റ് ടൂർണമെന്റിൽ കട്ടിപ്പാറ യൂണിറ്റ് ജേതാക്കളായി. നരിനട യൂണിറ്റ് റണ്ണേഴ്സ് അപ്പ് ആയി. രൂപതയിലെ വിവിധ മേഖലകളിൽ നിന്നായി 18 യൂണിറ്റുകൾ ഏറ്റുമുട്ടിയ കായിക മാമാങ്കത്തിന് പ്രസിഡണ്ട് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു.

### ബഫർസോൺ നിയമം: പ്രതിഷേധ റാലിയും സമരവും നടത്തി

ജൂൺ 5 മുതൽ കോടതി വിധിപ്രകാരം പ്രാബല്യത്തിൽ വന്ന ബഫർസോൺ പ്രഖ്യാപനം മലയോര മേഖലയിലെ ജനതയെ ഇരുട്ടിലേക്ക് തള്ളി വിടുന്നതാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് കെ സി വൈ എം എസ് എം വൈ  എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കൂരാച്ചുണ്ട് ടൗണിൽ പ്രതിഷേധ യുവജന റാലിയും സമ്മേളനവും നടത്തി.  ഈ വിഷയത്തിൽ നിയമ ഭേദഗതി വരുത്താൻ  സർക്കാർ തല ഇടപെടലുണ്ടാകും വരെ സമര പരമ്പരയുമായി മുന്നോട്ടു പോകുമെന്നും കൂരാച്ചുണ്ട് സംഘടിപ്പിക്കപ്പെട്ട യുവജന റാലിയെ തുടർന്നുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട്  കെ.സി.വൈ.എം

-എസ്.എം.വൈ.എം താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ള യ്ക്കാകുടിയിൽ സംസാരിച്ചു. കൂരാച്ചുണ്ട് അങ്ങാടി യിൽ സംഘടിപ്പിക്കപ്പെട്ട യുവജന റാലിയിൽ വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്, താമരശ്ശേരി മേഖ ലയിൽനിന്നും 300 ൽ അധികം യുവജനങ്ങൾ പങ്കെടുത്തു. ഡോ. ചാക്കോ കാളംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. കൂരാച്ചുണ്ടിൽ സംഘടിപ്പിക്കപ്പെട്ട സമരം ഒരു തുടക്കം ആണെന്നും ഇനിയും സമരപരമ്പരകൾ രൂപതയുടെ വി വിധ ഭാഗങ്ങളിൽ അരങ്ങേറുമെന്നും അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ച രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ സംസാരിച്ചു. ഭരണപ്രതിപക്ഷ എം.എൽ .എ മാർക്കെതിരെ ശക്തമായ പ്രതിഷേധമാണ് പൊതുസമ്മേളനത്തിൽ ഉയ ർന്നത്. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസന്റ് കണ്ടത്തിൽ, രൂപത ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ പന്തപ്ലാക്കൽ, കൂരാച്ചുണ്ട് മേഖല ഡ യറക്ടർ ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ, മേഖല പ്രസിഡന്റ് ജോയ ൽ ആന്റണി പുതിയകുന്നേൽ, സെക്രട്ടറി നിബിൻ ജോസ്, സംസ്ഥാന സെ നെറ്റ് അംഗം അലീന മാത്യു എന്നിവർ സംസാരിച്ചു. മേഖല വൈസ് പ്രസി ഡന്റ് ടീന ടോമി, ട്രഷറർ ഇമ്മാനുവേൽ വിൻസെന്റ്, മേഖല സമിതി അംഗ ങ്ങളായ ബിന്ധ്യ ബിന്നി, എബിൻ തോമസ്, അബിൻ ജോസ്, അലന്റ അബ്ര ഹാം, ലിയോ രാജു, ലിയോൺ മുണ്ടക്കപടവിൽ, അതുല്യ ബെന്നി, പ്രലിൻ പ്രകാശ് യൂണിറ്റ് സമിതി അംഗങ്ങളായ ലിന്റോ ജോസഫ്, ജിയോ ജേക്കബ്, ഇമ്മാനുവൽ ജോയ് എന്നിവർ നേതൃത്വം നൽകി.

### സ്വാഗതം

കരുവാരകുണ്ട് മേഖലയുടെ ഡയറക്ടറായി ചുമതല ഏറ്റെടുത്തിരിക്കു ന്ന ഫാ. സിജോ കോട്ടക്കലിന് സ്വാഗതം. തിരുവമ്പാടി മേഖലയുടെ അ നിമേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സി. റൊസീൻ എസ് എ ബി എ സ്, പെരിന്തൽമണ്ണ മേഖലയുടെ അനിമേറ്ററായി തിരഞ്ഞെടുത്തിരിക്കുന്ന സി. ജോഫി സി എം സി, പാറോപ്പടി മേഖലയുടെ അനിമേറ്ററായി തിരഞ്ഞെടു ക്കപ്പെട്ടിരിക്കുന്ന സി. നൈസി സിഎംസി എന്നിവർക്ക് സ്വാഗതം.

### ഹൃദയപൂർവ്വം നന്ദി

കരുവാരകുണ്ട് മേഖല ഡയറക്ടറായി സേവനം ചെയ്ത ഫാ. ബോബി പൂവത്തിങ്കലച്ചനും പാറോപ്പടി മേഖല അനിമേറ്റർ ആയി സേവനം ചെയ്തു സ്ഥലം മാറുന്ന സി. പാവന സിഎംസി ക്കും പെരിന്തൽമണ്ണ മേഖലയിൽ സേവനം ചെയ്ത് സ്ഥലം മാറിയ സി. നൈസി സിഎംസിക്കും ഹൃദയപൂർ വം നന്ദി.

### അനുശോചനം

1. നൈജീരിയയിൽ വിശ്വാസ പ്രഘോഷണത്തിന്റെ പേരിൽ ദാരുണമായി കൊലചെയ്യപ്പെട്ട ഡെബോറ സാമുവൽ എന്ന വിദ്യാർത്ഥിനിക്ക് അനുശോചനം അറിയിച്ചു.
2. പ്രഥമ ഇടയൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയ്ക്ക് പ്രണാമം അർപ്പിച്ചു.

## ആശംസകൾ, അഭിനന്ദനങ്ങൾ

1. വിശ്വാസ പരിശീലനത്തിന് പുതുവസന്തം തേടി യാത്രയ്ക്കിറങ്ങുന്ന കൂട്ടുകാർക്ക് ആശംസകൾ അറിയിച്ചു
2. ജനഹൃദയങ്ങളിൽ ക്രൈസ്തവ വൈദിക മുഖത്തിന്റെ മനോഹാരിത വരച്ചുകാണിക്കുന്ന വരയൻ സിനിമയ്ക്ക് അഭിനന്ദനങ്ങൾ അറിയിച്ചു
3. നാഷണൽ അണ്ടർ 17 ടൂർണമെന്റിൽ പങ്കെടുക്കുന്ന കേരള വനിത ഫുട്ബോൾ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കക്കയം യൂണിറ്റ് അംഗം ഷിൽജി ഷാജിയ്ക്ക് അഭിനന്ദനങ്ങൾ നേർന്നു.
4. ജൂൺ 18 ന് എസ്.എം. വൈ. എം സംസ്ഥാന അധ്യക്ഷനായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റ താമരശ്ശേരി രൂപതാഗം വിശാഖ് തോമസിന് അഭിവാദ്യങ്ങൾ അറിയിച്ചു.
5. എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ വിജയികളായവർക്ക് അഭിനന്ദനം അറിയിച്ചു.

## പ്രതിഷേധങ്ങൾ

1. മെയ് 23 ന് കുഞ്ഞു മനസ്സുകളിൽപോലും വിദ്വേഷം കുത്തി നിറച്ചു കൊണ്ട് നടത്തിയ കൊലവിളിക്കെതിരെ നടപടിയെടുക്കണമെന്ന് കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപത ആഹ്വാനം ചെയ്തു.
2. ജൂൺ 11 ന് ബഫർ സോൺ ന് നേരെയുള്ള സുപ്രീം കോടതിയുടെ പുതിയ വിധി മലയോര ജനതയ്ക്ക് ആശങ്ക സൃഷ്ടിക്കുന്നുവെന്നും ഒരു ജനതയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന നിയമത്തിനെതിരെ ഹർത്താൽ നാടകങ്ങൾക്കപ്പുറത്തേക്ക് പ്രതികരണത്തിന്റെ ചെറുവിരലെങ്കിലും അനക്കാൻ സർക്കാർ തയ്യാറാകണമെന്ന് കെ.സി.വൈ.എം എസ്.എം.വൈ.എം താമരശ്ശേരി രൂപത ആവശ്യപ്പെട്ടു.
3. ക്രൈസ്തവ ദേവാലയങ്ങൾ കഴമ്പില്ലാത്ത വിദ്വേഷ പ്രസംഗങ്ങളുടെ വേദിയാകുന്നുവെന്ന കോൺഗ്രസ് നേതാവ് വി. ടി. ബൽറാമിന്റെ പ്രസ്താവനയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.
4. ആർഎസ്എസ് വാരികയായ കേസരിയിൽ പ്രസിദ്ധീകരിച്ച വി. ദേവസഹായം പിള്ളയെ അപമാനിച്ചു കൊണ്ടുള്ള ലേഖനത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

## മറ്റു പരിപാടികൾ

1. മെയ് 16 ന് സംസ്ഥാന സമിതിയുടെ മലബാർ മേഖല വിസിറ്റ ഓൺലൈനായി നടത്തപ്പെട്ടു
2. മെയ് 20 ന്, ജൂൺ 21 തീയതികളിൽ ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും മീറ്റിംഗ് ഓൺലൈൻ ആയി നടത്തി. ജൂൺ 22 മേഖല പ്രസിഡണ്ട് മാരുടെ ഓൺലൈൻ മീറ്റിംഗ് നടത്തി.
3. ജൂൺ 10 രൂപ എക്സിക്യൂട്ടീവ് യോഗം ചേർന്നു.

## അറിയിപ്പുകൾ

### 1. തെയോഫിയ യുവജന കൺവെൻഷൻ സോൺ ബി

റീജിയണൽ യുവജന കൺവെൻഷൻ സോണി ബി പെരിന്തൽമണ്ണ, മലപ്പുറം കരുവാരക്കുണ്ട് മേഖലകളിലെ യുവജനങ്ങൾക്കായി ഓഗസ്റ്റ് മാസം 6, 7, 8 തീയതികളിൽ പെരിന്തൽമണ്ണ മേഖലയുടെ ആതിഥേയത്വത്തിൽ ക്രമീകരിക്കുന്നു. ഒരു ഇടവകയിൽ നിന്നും പത്ത് യുവജനങ്ങളെയെങ്കിലും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

### സോൺ സി യുവജന കൺവെൻഷൻ

സെപ്തംബർ 2 മുതൽ 6 വരെയുള്ള തീയതികളിൽ തിരുവമ്പാടി, തോട്ടുമുക്കം, താമരശ്ശേരി, കോടഞ്ചേരി, പാറോപ്പടി ഫൊറോനയിലെ യുവജനങ്ങൾക്കായി ബധാനിയ ധ്യാനകേന്ദ്രത്തിൽ ക്രമീകരിക്കുന്നു.

### 2. യുവദർശൻ മുഖപത്രം

യുവജന ഞായറിനോടനുബന്ധിച്ച് കെസിവൈഎം സംഘടന പുറത്തിറക്കുന്ന യുവജന മുഖപത്രം 'യുവദർശൻ' എല്ലാ വീടുകളിലും എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജൂലൈ 10 ന് മുൻപ് എല്ലാ ഇടവകകളിലും എത്തിക്കുന്നതായിരിക്കും

### 3. മേഖല അർദ്ധ വാർഷിക സെനറ്റുകൾ

മേഖല അർദ്ധവാർഷിക സെനറ്റുകളിലേക്ക് മേഖലയിൽ നിന്നും അറിയിക്കുന്ന പ്രകാരം യൂണിറ്റ് ഭാരവാഹികളെ പറഞ്ഞയക്കേണ്ടതാണ് എന്ന് ഓർമിപ്പിക്കുന്നു. യൂണിറ്റ് റിപ്പോർട്ടുകൾ, മേഖല റിപ്പോർട്ടുകൾ എന്നിവ ഔദ്യോഗികമായി അവതരിപ്പിക്കേണ്ടതാണ്.

### 4. രൂപത അർദ്ധവാർഷിക സെനറ്റ് യോഗം

രൂപത അർദ്ധവാർഷിക സെനറ്റ് ആഗസ്റ്റ് മാസം രണ്ടാം ശനിയാഴ്ച രൂപതാ ഭവനിൽ വച്ച് നടത്തുന്നു.

### 5. വിദേശ തൊഴിൽ പഠന സാധ്യതകളും നിയമവശങ്ങളും വെബിനാർ

ജൂലൈ 2 ന് വൈകിട്ട് ആറു മുതൽ ഏഴ് വരെ മേൽപ്പറഞ്ഞ വിഷയത്തെ സംബന്ധിച്ച വെബിനാർ സംഘടിപ്പിക്കുന്നു.

### 6. യുവജന സംഗമങ്ങൾ

മേഖലകളുടെ നേതൃത്വത്തിൽ യുവജന സംഗമങ്ങൾ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി സംഘടിപ്പിക്കുന്നു.

### 7. യുവജന ഞായർ ജൂലൈ 10 ന് മുമ്പ് യൂണിറ്റുകൾ ചെയ്യേണ്ടവ

1. യൂണിറ്റുകളിൽ പ്രാഥമിക അംഗത്വം, സജീവാംഗത്വം എന്നിവ സ്വീകരിക്കു

ന്നവരുടെ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ ശേഖരിച്ച് നൽകപ്പെടുന്ന ഫോമിൽ രൂപതയിലേക്ക് കൈമാറുക. സജീവാഗങ്ങളുടെയും പ്രാഥമിക അംഗങ്ങളുടെയും എണ്ണം ജൂലൈ 3 ന് മുമ്പ് മേഖല പ്രസിഡന്റിന് കൈമാറേണ്ടതാണ്.

2. യൂണിറ്റുകളിൽ സൂക്ഷിച്ചിരിക്കുന്ന അംഗത്വ സ്വീകരണ രജിസ്റ്ററിൽ അംഗത്വം സ്വീകരിക്കുന്നവരുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തി ഒപ്പ് വെയ്പ്പിക്കുക.
3. യൂണിറ്റുകളിൽ അംഗത്വ സ്വീകരണത്തിന് ജൂലൈ 10 ന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
4. അംഗത്വ സ്വീകരത്തിൽ 20 രൂപ അംഗത്വ ഫീസ് പ്രാഥമിക അംഗങ്ങളിൽ നിന്നും 50 രൂപ അംഗത്വ ഫീസ് സജീവാംഗങ്ങളിൽ നിന്നും സ്വീകരിക്കാവുന്നതാണ്.
5. പ്രാഥമികാംഗങ്ങൾക്കും സജീവാംഗങ്ങൾക്കുമുള്ള അംഗത്വ സ്വീകരണ ടാഗുകൾ രൂപതയിൽ നിന്നും നൽകുന്നതായിരിക്കും. യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന എണ്ണത്തിനനുസരിച്ച് ടാഗുകളുടെ നിശ്ചിത തുക നൽകി ജൂലൈ 10 ന് മുമ്പ് യൂണിറ്റുകളിൽ എത്തിക്കേണ്ടതാണ്.
6. പ്രാധമിക അംഗത്വ സ്വീകരണ ക്രമം കർമ്മ പദ്ധതിയിൽ നൽകിയിട്ടുണ്ട്. പ്രാധമിക അംഗത്വ ക്രമവും സജീവ അംഗത്വ പ്രതിജ്ഞയും പി ഡി എഫ് ഫോമിൽ നൽകുന്നതായിരിക്കും.

### അംഗത്വസ്വീകരണം- അംഗത്വ നവീകരണം സംബന്ധിച്ച വിവരങ്ങൾ

ജൂലൈ 10 യുവജന ദിനം കെ സി വൈ എം എസ് എം വൈ എം നെ സംബന്ധിച്ച് അംഗത്വ സ്വീകരണ ദിനം കൂടിയാണ്. കെ സി വൈ എം സംഘടനയുടെ പ്രായപരിധി നിലവിൽ 15 മുതൽ 35 വയസുവരെയാണ്. എന്നാൽ പല ഇടവകകളിലും ഫൊറോനകളിലും മുതിർന്ന യുവജനങ്ങൾ സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുന്ന ശൈലിയിൽ വലിയ മാറ്റം കണ്ടുവരുന്നു. 35 വയസുവരെ വിവാഹം കഴിഞ്ഞാലും പ്രവർത്തിക്കാൻ നിലവിൽ സംഘടനയിൽ അവസരമുണ്ടായിട്ടും മുതിർന്ന പ്രവർത്തകരുടെ അഭാവം സംഘടനയുടെ യൂണിറ്റ് തലങ്ങളെയും ഫൊറോന തലങ്ങളെയും നിർജ്ജീവമാക്കുന്നുണ്ട്. മാത്രമല്ല ഒരു സമിതിയിൽ ഭാരവാഹികായി ഊർജ്ജസ്വലരായി പ്രവർത്തിച്ച് കാലാവധി പൂർത്തിയാക്കി ചുമതലയൊഴിഞ്ഞർ പിന്നീട് സംഘടനയുടെ ഭാഗമല്ലാതെയും പ്രവർത്തകരായി പോലും തുടരാത്തതുമായ സാഹചര്യവും നിലനിൽക്കുന്നു. പ്ലസ് വൺ- പ്ലസ്ടു വിദ്യാർത്ഥികളിൽ സംഘടനയുടെ പ്രവർത്തനങ്ങളും പ്രവർത്തകരും ഒതുങ്ങിപോകുന്ന സാഹചര്യത്തെ അതിജീവിക്കാൻ പ്രാഥമിക അംഗത്വം, സജീവാഗത്വം എന്നിങ്ങനെയുള്ള ഗ്രേഡിങ് സംവിധാനം വിവിധ കമ്മറ്റികൾ നടന്ന ചർച്ചകളുടെ തീരുമാനപ്രകാരം നടപ്പിലാക്കുകയാണ്. യൂണിറ്റ് തലത്തിലാണ് അംഗത്വ രജിസ്ട്രേഷൻ നടത്തേണ്ടത്.

### പ്രാഥമിക അംഗത്വം

സാമാന്യ കണക്കനുസരിച്ച് 15 വയസ് പൂർത്തീകരിക്കപ്പെടുന്ന പ്ലസ് വൺ വിദ്യാർത്ഥികളെ എല്ലാ വർഷവും ജൂലൈ മാസത്തോടുകൂടെ പ്രതിജ്ഞാവാചകത്തോടുകൂടെയുള്ള ഔദ്യോഗിക അംഗത്വ സ്വീകരണ ക്രമം നടത്തി കെ സി വൈ എം സംഘടനയിലേക്ക് പ്രവേശിപ്പിക്കുകയാണ് ചെയ്യാറുള്ളത്. ഈ സംവിധാനത്തിന് അൽപം കൂടി ഔദ്യോഗികത നൽകികൊണ്ട് പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്ക് സംഘടനയിൽ പ്രാഥമിക അംഗത്വം നൽകുന്ന രീതി ഇനിമുതൽ അംവലംബിക്കുകയാണ്. സംഘടനയിൽ പ്രാഥമിക അംഗങ്ങൾ എന്ന നിലയിൽ പ്രവർത്തിച്ച് കൂടുതൽ ആർജവത്വത്തിലേക്കും നേതൃത്വത്തിലേക്കും എത്താനും സംഘടനാസ്നേഹത്തോടെ പ്രവർത്തിക്കാനും ഈ കാലഘട്ടം ഉപകരിച്ചേക്കും. സംഘടനയെക്കുറിച്ചുള്ള വിശദമായ പഠനം, ലീഡർഷിപ്പ് ട്രെയിനിങ്, സമുദായബോധം- അവകാശബോധം, ക്രൈസ്തവ സംസ്കാരത്തോടുള്ള പ്രതിബദ്ധത തുടങ്ങി അടിസ്ഥാനപരമായ സഭാ- സമുദായത്തോടു ചേർന്നുള്ള ക്രൈസ്തവ വ്യക്തിത്വ വളർച്ചക്കുള്ള പ്രവർത്തന കാലഘട്ടമായി പ്രാഥമികഅംഗത്വത്തെ നിർവ്വചിക്കാവുന്നതാണ്.

1. പ്രാഥമിക അംഗത്വത്തിലുള്ളവർക്ക് യൂണിറ്റ്, മേഖല തലങ്ങളിൽ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ ഭാരവാഹിത്വങ്ങൾ സ്വീകരിക്കാൻ അടുത്ത പ്രവർത്തന വർഷം മുതൽ സാധിക്കില്ല. മുതിർന്ന യുവജനങ്ങൾക്ക് കൂടുതൽ അവസരം ലഭിക്കേണ്ടതിന് കൂടിയാണിത്. വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, എക്സിക്യൂട്ടീവ് അംഗം എന്നിങ്ങനെയുള്ള ഭാരവാഹിത്വങ്ങൾ സ്വീകരിക്കുന്നതിന് പ്രാഥമിക അംഗങ്ങൾക്ക് തടസമുണ്ടാകില്ല.

2. പ്രാഥമിക അംഗത്വം 2 വർഷത്തേക്ക് മാത്രമാണ്. തുടർന്ന് പ്രത്യക്ഷമായോ പരോക്ഷമായോ സംഘടനയിൽ തുടരേണ്ടതാണ്. വ്യക്തിയുടെ സംലഭ്യതയനുസരിച്ചും സാഹചര്യങ്ങൾ അനുസരിച്ചും സജീവാഗത്വം സ്വീകരിക്കാവുന്നതാണ്.

### സജീവ അംഗത്വം

കെ സി വൈ എം പ്രസ്ഥാനത്തിന്റെ പ്രായ പരിധി 35 വയസും എസ് എം വൈ എം പ്രസ്ഥാനത്തിന്റെ അംഗീകരിക്കപ്പെട്ട പ്രായപരിധി 30 വയസുമാണ്. കെ സി വൈ എം പ്രവർത്തകരുടെ ശരാശരി പ്രായമനുസരിച്ചുള്ള കണക്കുപ്രകാരം 22 വയസിനും 30 വയസിനും ഇടയിലുള്ള പ്രവർത്തകരുടെ എണ്ണം വളരെ കുറവാണ്. ഇത് സംഘടനയുടെ ശക്തിയെ വലിയ രീതിയിൽ ബാധിക്കുന്നതായി വിലയിരുത്തുന്നു. അതിനാൽ പ്ലസ് ടു വിന് ശേഷം ഡിഗ്രി, പിജി തലങ്ങളിൽ പഠിക്കുന്നവരെയും ജോലി ചെയ്യുന്നവരെയും 30 വയസിനു താഴെ വിവാഹിതരായി ജീവിക്കുന്നവരെയും സജീവാഗത്വത്തിന് പരിഗണിക്കുന്നു.

1. നിലവിൽ കെ സി വൈ എം ൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്ലസ് ടു കഴിഞ്ഞ എല്ലാ പ്രവർത്തകർക്കും ഈ വർഷം സജീവാഗത്വം നൽകുന്നു. സംഘ

ടനയുടെ കീ പോസ്റ്റുകൾ വഹിക്കുന്നതിനും (യൂണിറ്റ്, മേഖല പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) മുഖ്യധാരാ പ്രവർത്തനത്തിനും സജീവാംഗങ്ങൾക്ക് സാധിക്കുന്നു.

2. സംഘടനയിൽ മുൻപ് സജീവമായി പ്രവർത്തിച്ചിരുന്നവരും കഴുവുറ്റവരുമായവരെ തിരഞ്ഞെടുത്ത് സംഘടനയോട് ചേർന്ന് പ്രവർത്തിക്കാൻ ക്ഷണിക്കേണ്ടതാണ്. കുറഞ്ഞത് സംഘടനയിൽ നിലവിൽ സജീവമല്ലാത്ത പ്രവർത്തിക്കാൻ താത്പര്യമുള്ള 10 പേരെയെങ്കിലും അവരുടെ സമ്മതപ്രകാരം സജീവാംഗത്വം നൽകേണ്ടതാണ്. ഔദ്യോഗികമായ സംഘടന മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ അവരോട് നിർദ്ദേശിക്കുക.

3. 30 വയസിന് മുകളിൽ പ്രായമുള്ള വരെ പരിഗണിക്കുന്നില്ല. സജീവാഗംത്വം സ്വീകരിക്കുന്നവർ 30 വയസു വരെ സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. സംഘടനനെയെ പ്രത്യക്ഷമായോ പരോക്ഷമായോ സാമ്പത്തികമായോ പിൻതുണയ്ക്കാൻ ധാർമ്മികമായ ഉത്തരവാദിത്വം അവരിൽ നിഷിപ്തമായിരിക്കും.

4. കെ സി വൈ എം ന്റെ വിവിധ വിങ്ങുകളുടെ മേഖല- യൂണിറ്റ് കോ - ഓർഡിനേഷൻ, ഇടവകയിലെ സംഘടനപ്രവർത്തന നേതൃത്വം എന്നീ തലങ്ങളിൽ കഴിഞ്ഞ കാല നേതാക്കന്മാരുടെ സാനിധ്യം ഉറപ്പുവരുത്താവുന്നതാണ്.

5. മുൻകാലങ്ങളിൽ പ്രവർത്തിച്ച് സംഘടന സ്നേഹമുള്ള പ്രവർത്തകർ സജീവാഗത്വം സ്വീകരിക്കുന്ന പക്ഷം ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് നിയമാവലി അനുശാസിക്കുന്ന തരത്തിൽ കടന്നുവരുന്നതിന് തടസമുണ്ടാകില്ല.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# കത്തോലിക്കാ കോൺഗ്രസ്

## എക്സിക്യൂട്ടീവ് യോഗങ്ങൾ

ഏപ്രിൽ 24 മെയ് 7 ,13 ദിവസങ്ങളിൽ ഓൺലൈനായും മെയ് 3 നും ജൂൺ 11 നും രൂപതാ കാര്യാലയത്തിൽ വച്ചും എക്സിക്യൂട്ടീവ് യോഗങ്ങളും മെയ് 14ന് ഓൺലൈനായി വർക്കിംഗ് കമ്മിറ്റി യോഗവും ചേർന്നു.

## ഹാർട്ട് ലിങ്ക്സ്

കത്തോലിക്കാ കോൺഗ്രസ് രൂപതാ ഹാർട്ട് ലിംങ്ക്സിന്റെ സഹകരണത്തോടെ ആനക്കാംപൊയിലിൽ പുനർനിർമ്മാണം നടത്തിയ ഭവനത്തിന്റെ വെഞ്ചരിപ്പ് മെയ് ഒൻപതാം തീയതി നടന്നു.

### ഗ്ലോബൽ ജനറൽബോഡി യോഗം (തൃശ്ശൂർ)

30.4.22.ന് തൃശ്ശൂരിൽ വച്ച് നടന്ന കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രതിനിധി സമ്മേളനത്തിലും ജനറൽബോഡി യോഗത്തിലും രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, എന്നിവരടങ്ങുന്ന ആറംഗ സംഘം പങ്കെടുത്തു.

### 104-ാം ജന്മദിനാഘോഷവും, ജനറൽ ബോഡി യോഗവും, ഗ്ലോബൽ സമിതി വിസിറ്റും, വിശ്വാസ സംരക്ഷണ സമുദായ ശാക്തീകരണ റാലിയും പൊതുസമ്മേളനവും

കത്തോലിക്കാ കോൺഗ്രസ് 104-ാം ജന്മദിനാഘോഷവും താമരശ്ശേരി രൂപതാ ജനറൽ ബോഡി യോഗവും 2022 മെയ് 28 ന് കോടഞ്ചേ രിയിൽ വച്ച് നടത്തി. പ്രത്യേകം തയാറാക്കിയ മാർ പോൾ ചിറ്റിലപ്പള്ളി നഗറിൽ (കോടഞ്ചേരി മരിയൻ ഓഡിറ്റോറിയം) വെച്ച് രാവിലെ 9.45 ന് ബഹു. രൂപത പ്രസിഡന്റ് ചാക്കോ കാളംപറമ്പിൽ പതാക ഉയർത്തി സമ്മേളനത്തിന് തുടക്കം കുറിച്ചു. തുടർന്ന് പ്രതിനിധി സമ്മേളനം ശ്രീ. സണ്ണി കോക്കാപ്പള്ളിയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ജനറൽ സെക്രട്ടറി അനീഷ് വടക്കേൽ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ ആമുഖ പ്രഭാഷണം നടത്തി. മുൻ രൂപത AKCC ഡയറക്ടർ ഫാ. മെൽവിൻ വെള്ളക്കാക്കുടിയിൽ യോഗം ഉദ്ഘാടനം ചെയ്തു. പിന്നിട് ഡോ. ചാക്കോ കാളംപറമ്പിൽ, ഡോ. കെ. എം ഫ്രാൻസീസ് എന്നിവർ ക്ലാസ് നയിച്ചു.

### ഗ്ലോബൽ സമിതിക്ക് സ്വീകരണം

ഗ്ലോബൽ പ്രസിഡന്റ് ബിജു പറയനിലം ജന. സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ ട്രഷറർ ജോബി കാക്കശ്ശേരി, വൈസ് പ്രസിഡന്റ് ജോസ്കുട്ടി ഒഴുകയിൽ, സെക്രട്ടറിമാരായാ ബെന്നി ആന്റണി, ബേബി പെരുമാലി, ട്രീസ ഞരളക്കാട്ട് എന്നിവർക്ക് രൂപത സമിതി സ്വീകരണം നൽകി. ഗ്ലോബൽ പ്രസിഡന്റ് ബിജു പറയനിലം, ജോസ്കുട്ടി ഒഴുകയിൽ എന്നിവർ സംഘടനാകാര്യങ്ങളെക്കുറിച്ച് സംസാരിച്ചു.

### ജനറൽ ബോഡി യോഗം

ഉച്ചകഴിഞ്ഞ് നടന്ന ജനറൽ ബോഡി യോഗം അഗഇഇ ഗ്ലോബൽ ലഗേറ്റ് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി

അനീഷ് വടക്കേൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് AKCC യുടെ രൂപത ഡയറക്ടറായി സതുത്യർഹ സേവനം ചെയ്ത മുൻ ഡയറക്ടർ ഫാ. മെൽവിനെയും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെയും, മുൻ രൂപത പ്രസിഡന്റുമാരെയും ആദരിക്കുകയും ചെയ്യ്തു. ഗ്ലോബൽ ജന. സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ സമുദായ സംഘടനയുടെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. യൂത്ത് കൗൺസിൽകോർഡിനേറ്റർ ജോമോൻ മതിലകത്തിന്റെ നന്ദിയോടെ യോഗം അവസാനിച്ചു.


## വിശ്വാസ സംരക്ഷണ സമുദായ ശാക്തീകരണ റാലിയും പൊതുയോഗവും

ഉച്ചതിരിഞ്ഞ് 3.30 ന് രൂപതയിലെ എല്ലാ സംഘടനകളുടെയും സഹകരണത്തോടെ വിശ്വാസ സംരക്ഷണ സമുദായ ശാക്തീകരണ റാലിയും കോടഞ്ചേരി ടൗണിൽ വച്ച് പൊതുസമ്മേളനവും നടന്നു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളും മറ്റ് പ്രമുഖരും പങ്കെടുത്ത സമ്മേളനം താമരശ്ശേരി ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, ഡോ. ജോൺസൺ തേക്കടയിൽ തുടങ്ങിയവർ മുഖ്യപ്രഭാഷണം നടത്തി. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രസ്തുത റാലിയും പൊതുയോഗത്തിലും നാലായിരത്തിധികം ആളുകൾ പങ്കെടുത്തു.

## നന്ദി

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ രൂപത കത്തോലിക്കാ കോൺഗ്രസിനെ മാതൃകാപരമായി നയിച്ച ഡയറക്ടർ ബഹു. ജോർജ് വെള്ളയ്ക്കകുടിയിൽ അച്ചന് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. സ്ഥാനമൊഴിഞ്ഞ മേഖല ഡയറക്ടർ അച്ചന്മാർക്ക് നന്ദി, പുതിയതായി ചാർജെടുത്ത രൂപതാ ഡയറക്ടർ മാത്യു തൂമുള്ളിൽ അച്ചനും മേഖലാ ഡയറക്ടർ അച്ചന്മാർക്കും സ്വാഗതം.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്



# കരിസ്മാറ്റിക് മൂവ്മെന്റ്

സോണൽ ആനിമേറ്റർ ബഹു. സൈമൺ അച്ചന്റെ നേതൃത്വത്തിൽ മെയ് 24 ന് ഓൺലൈനായി കോർഗ്രൂപ്പ് കൂടി പ്രാർത്ഥാ ഗ്രൂപ്പുകളിലെ തിരഞ്ഞെടുപ്പിനെ വിലയിരുത്തി ജൂലൈ ആദ്യവാരം പൂർത്തീകരിക്കേണ്ട സബ്സോൺ തിരഞ്ഞെടുപ്പിന്റെ ക്രമീകരണങ്ങൾ വിലയിരുത്തി. ജൂൺ 3 ന് കുന്ദമംഗലം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് നടക്കുന്ന പന്തക്കുസ്താ ആഘോഷങ്ങളുടെ ഒരുക്കങ്ങളെ ഓരോ സബ്സോണുകളിൽ നിന്നും വരാൻ സാധിക്കുന്നവരുടെ ഏകദേശം രൂപം തയ്യാറാക്കി.

26.5.22 ന് സബ്സോൺ കോർഡിനേറ്റേഴ്സിന്റെയും മിനിസ്ട്രി കോർഡിനേറ്റേഴ്സിന്റെയും ഓൺലൈൻ മീറ്റിംഗ് ചേർന്നു. ഓരോ സബ്സോണിലും പൂർത്തീകരിച്ച ഇടവക പ്രാർത്ഥനാ ഗ്രൂപ്പിന്റെ വിവരങ്ങൾ പങ്കുവെച്ചു.

3.6.22 ന് രാവിലെ 9.30 മുതൽ കുന്ദമംഗലം ദേവാലയത്തിൽ പന്തക്കുസ്താ ആഘോഷങ്ങൾ ആരംഭിച്ചു. കോഴിക്കോട് സോണിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും അംഗങ്ങൾ താല്പര്യപൂർവ്വം എത്തിച്ചേർന്നു. സോണൽ കോർഡിനേറ്റർ തന്റെ സന്ദേശത്തിൽ ഈ കാലഘട്ടത്തിൽ കർത്താവ് തന്റെ ദൗത്യങ്ങളുടെ പൂർത്തീകരണത്തിനായി സഭയിൽ ഇന്നും ശക്തമായി ഇടപെടുന്നു. ഓരോ ദൗത്യത്തിനായി വിളിച്ചവരെ വിശുദ്ധീകരിച്ച് അഭിഷേകം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ യോഗ്യത പരിഗണിക്കാതെ കർത്താവിന്റെ ശുശ്രൂഷയിൽഭാഗഭാക്കുകളാകാൻ അനുഗ്രഹിച്ചതിന് നന്ദിനിറഞ്ഞ മനസ്സോടെ ആയിരിക്കും. തുടർന്ന് വി. കുർബാനയും സന്ദേശവും ഇടവകവികാരി റവ. ഫാ. ജോസഫ് കളത്തിൽ നൽകി. അഭിഷേക പ്രാർത്ഥനയ്ക്ക് ബഹു. സൈമൺ അച്ചനും, ജോസഫ് അച്ചനും, ആനിമേറ്റർ സിസ്റ്റേഴ്സും നേതൃത്വം നൽകി.

സോണിലെ യുവജനങ്ങൾക്കായി ജൂൺ 17, 18, 19 തീയതികളിൽ മരുതോങ്കര ഫിയാത്ത് മിഷൻ കേന്ദ്രത്തിൽ വച്ച് ധ്യാനം നടന്നു. നേതൃത്വം നൽകിയത് കെസിഎസ്സി കോർഡിനേറ്റർ ബഹു. ജോസഫ് താമരവെളിയച്ചനും, സെബാസ്റ്റ്യൻ ബ്രദർ, സന്തോഷ് ബ്രദർ, സിസ്റ്റർ മരിയറ്റ് ബ്രദർ ഷാജി അരിക്കത്തേലും ബഹു. സൈമണച്ചനുമാണ്. യുവജനങ്ങളെ ചേർത്തു പിടിക്കേണ്ടതിന്റെ ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. അവർ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ പ്രാപ്തരാക്കാൻ നമുക്ക് കഴിയണം എന്ന് കോർഡിനേറ്റർ ഓർമ്മപ്പെടുത്തി.

10.6.22 ന് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽവച്ച് ബഹു. റോയി വള്ളിയാംതടത്തിൽ അച്ചന്റെയും സൈമണച്ചന്റേയും സോണൽ ടീമിന്റെയും നേതൃത്വത്തിൽ താമരശ്ശേരി സബ്സോൺ സർവ്വീസ് ടീം തെരഞ്ഞെടുത്തു. 18.6.22 ന് കൂരാച്ചുണ്ട് സബ്സോൺ സർവ്വീസ് ടീമും തിരഞ്ഞെടുക്കാൻ സാധിച്ചു. കൂരാച്ചുണ്ട് സെന്റ് തോമസ് ദൈവാലയത്തിൽ ബഹു. സൈമണച്ചനും സർവ്വീസ് ടീമും നേതൃത്വം നൽകി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

രണ്ടു വർഷത്തെ ഇടവേളയ്ക്കുശേഷം വീണ്ടും സ്കൂളിലേയ്ക്ക് സന്തോഷത്തോടെ യാത്രയാകുന്ന കുഞ്ഞുങ്ങളുടെ പ്രാർത്ഥനകളോടെയാണ് ബഥാനിയായിൽ ജൂൺ മാസം തുടങ്ങിയത്. നന്നായി പഠിക്കുവാൻ കഴിയണേയെന്ന പ്രാർത്ഥനയോടെ കടന്നുവരുന്ന കുഞ്ഞുങ്ങളുടെയും കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വരുന്ന മാതാപിതാക്കളുടെയും തിരക്കായിരുന്നു ബഥാനിയായിൽ. ബഥാനിയ നാഥയായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥതയിൽ മുൻകാലങ്ങളിൽ ലഭിച്ച അനുഗ്രഹങ്ങൾ വീണ്ടും വീണ്ടും അനേകരെ ബഥാനിയായിലേക്ക് അടുപ്പിക്കുന്നു.

### ബഥാനിയ ധ്യാനങ്ങൾ

ജൂൺ മാസം താമസിച്ചുള്ള രണ്ട് ധ്യാനങ്ങളായിരുന്നു ഉണ്ടായിരുന്നത്. ജൂൺ 10 മുതൽ 13 വരെയായിരുന്നു ജീവിത വിശുദ്ധീകരണ ധ്യാനം. ഈ ധ്യാനത്തിൽ പകുതിയിലധികംപേരും മുൻ ധ്യാനത്തിൽ പങ്കെടുത്തവരുടെ സാക്ഷ്യം കേട്ട് ധ്യാനിക്കുവാൻ വന്നവരായിരുന്നു. സമരിയക്കാരി സ്ത്രീക്ക് ഈശോ നൽകിയതുപോലെ മറ്റുള്ളവരോട് തന്നെക്കുറിച്ച് പറയുവാനുള്ള കൃപ അനേകർക്ക് ഈശോ നൽകുന്നു എന്നത് കൃതജ്ഞതയോടെ ഓർക്കേണ്ട കാര്യമാണ്. ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനും ടീമും നയിച്ച ധ്യാനത്തിൽ പങ്കെടുത്ത അനേകർ അനുഗ്രഹം പ്രാപിക്കാനിടയായി.

ജൂൺ മാസത്തിലെ രണ്ടാമത്തെ ധ്യാനം ബഥാനിയ ശുശ്രൂഷകൾക്കായി ഒരുക്കിയതായിരുന്നു. കോവിഡ് വരുത്തിവച്ച വലിയൊരു ഇടവേളയ്ക്കുശേഷം ബഥാനിയ കുടുംബം ഒരുമിച്ച് ചേർന്ന് ദൈവത്തിന് ആരാധനയർപ്പിച്ച ദിവസങ്ങളായിരുന്നു ജൂൺ 17,18,19 തീയതികൾ. 2022 ജൂലൈ മുതൽ 2023 ജൂൺ വരെയുള്ള ഒരു വർഷക്കാലം ബഥാനിയായിലെ ദൈവരാജ്യം പടുത്തുയർത്തിയതിന് തീരുമാനമെടുത്തു വന്നവരായിരുന്നു ധ്യാനത്തിൽ പങ്കെടുത്തത്. ഓരോരുത്തരും അവനവന്റെ ജീവിതത്തെ ഒരു ശുശ്രൂഷകന്റെ കാഴ്ചപാടിലൂടെ നോക്കിക്കണ്ട് സ്വയം എങ്ങനെ ഒരു നല്ല ശുശ്രൂഷകനായി മാറണമെന്ന് ധ്യാനം നയിച്ച ബഹു. ബഥാനിയ ഡയറക്ടർ സെബാസ്റ്റ്യൻ പുളിക്കൽ അച്ചൻ വചനാടിസ്ഥാനത്തിൽ പഠിപ്പിക്കുകയുണ്ടായി. പുതിയ ഉണർവ്വോടും ഉന്മേഷത്തോടുംകൂടിയാണ് ബഥാനിയ ശുശ്രൂഷകൾ അഖണ്ഡജപമാലയോടെ ആരംഭിക്കുന്ന പുതിയ ശുശ്രൂഷ വർഷത്തിലേക്ക് പ്രവേശിക്കുന്നത്.

### ഏകദിന കൺവെൻഷൻ

ജൂൺ മാസത്തിലെ 4 വെള്ളിയാഴ്ചകളിലും ബഥാനിയായിൽ ഏകദിന കൺവെൻഷനുകൾ നടത്തപ്പെട്ടു. ആയിരങ്ങളുടെ പങ്കാളിത്തം നിറഞ്ഞ ആദ്യ

വെള്ളിയാഴ്ചശുശ്രൂഷയിൽ പങ്കെടുത്തവരുടെ മുഖത്തുകാണുന്ന സന്തോഷവും ആശ്വാസവും തന്നെയാണ് അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളുടെ അടയാളങ്ങൾ പതിവുപോലെ ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെയാണ് ആദ്യവെള്ളി ശുശ്രൂഷകൾ സമാപിച്ചത്. വെള്ളിയാഴ്ചകളിൽ നിയോഗങ്ങൾ വച്ച് പ്രാർത്ഥിക്കുവാനായി വന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, വിടുതൽ ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം എന്നിവയുണ്ടായിരുന്നു. സ്പിരച്ചൽ ഷെയറിങ്ങിൽ പങ്കെടുക്കുവാനുള്ള അവസരവും ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് 2 മണിക്ക് നേർച്ച ഭക്ഷണത്തോടെ ശുശ്രഷകൾ സമാപിച്ചത്.

### മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും ബഥാനിയായിൽ സമർപ്പിക്കപ്പെടുന്ന നിയോഗങ്ങൾക്കുവേണ്ടിയും പൊതുവായ നിയോഗങ്ങൾക്കുവേണ്ടിയും പ്രത്യേകം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയുണ്ടായി.

### ജൂലൈ മാസത്തിലെ പ്രോഗ്രാം

| | |
|---|---|
| 1 ആദ്യവെള്ളി | - ഏകദിന കൺവെൻഷൻ |
| 3 ഞായർ | - താമരശ്ശേരി രൂപത വൈദികരുടെ ധ്യാനം (3-8) |
| 8 വെള്ളി | - ഏകദിന കൺവെൻഷൻ |
| 10 ഞായർ | - താമരശ്ശേരി രൂപത വൈദികരുടെ ധ്യാനം (10-15) |
| 15 വെള്ളി | - ഏകദിന കൺവെൻഷൻ |
| 16 ശനി | - ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ |
| 20 ബുധൻ | - അഖണ്ഡജപമാല സമർപ്പണം ആരംഭം (ജൂലൈ 20 ബുധൻ മുതൽ ഒക്ടോബർ 28 വെള്ളി വരെ 101 ദിനരാത്രങ്ങൾ) |
| 22 വെള്ളി | - ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം (22-25) |
| 29 വെള്ളി | - ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## കുടുംബാദിനാചരണം

നവജ്യോതി സ്വാശ്രയ സംഘം മൈലെള്ളാംപാറയിൽ വെച്ച് കുടുംബ സംഗമവും , കുടുംബദിനാചരണവും നടത്തി. മെയ് 15 നു നടത്തിയ പരിപാടി യുടെ ഉദ്ഘാടന കർമ്മം സി. ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ നിർവ്വഹിച്ചു. പുതുപ്പാടി ഗ്രാമപഞ്ചായത്തു മെമ്പർ ഷീജ ഐസക് അദ്ധ്യക്ഷ ത വഹിച്ച യോഗത്തിൽ വച്ച് പുതുപ്പാടി പഞ്ചായത്തിന്റെ പ്രസിഡന്റ് ആ യി ചുമതലയേറ്റ ശ്രീമതി ബീന തങ്കച്ചനെ ആദരിച്ചു. ത്രേസ്യാമ്മ തോമ സ്, ജെസ്സി ജോയ്, ചിന്നമ്മ ബേബി എന്നിവർ പ്രസംഗിച്ചു. കുടുംബ ഭദ്രതയെ കുറിച്ച് സെമിനാർ നടത്തി. ഫാ. ജോർജ് ചെമ്പരത്തി ക്ലാസ് എടുത്തു.

വെറ്റിലപ്പാറ ഗ്രാമവികസന സമിതി കുടുംബ സംഗമവും സെമിനാറും ന ടത്തി. സി. ഒ.ഡി. കോ-ഓർഡിനേറ്റർ ജോയ് കെ. സി. കുടുംബ ബഡ്ജ റ്റിനെക്കുറിച്ചു ക്ലാസ് എടുത്തു. ഷൈനി സിബി, മേഴ്സി ജെയിംസ്, ത്രേസ്യാമ്മ സ്കറിയ എന്നിവർ സംസാരിച്ചു. കൂരാച്ചുണ്ട് ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ കാളങ്ങാ ലിയിൽ വെച്ച് കുടുംബദിനം നടത്തി. മോളി സെബാ സ്റ്റ്യൻ പരിപാടിക്ക് നേതൃത്വം നല്കി.

കായണ്ണ ഗ്രാമവികസന സമിതി കുടുംബദിനാചരണം നടത്തി. പ്രായം ചെന്ന ദമ്പതികളെ ആദരിച്ചു. മരുതോങ്കര ഗ്രാമവികസന സമിതിയുടെ നേതൃ ത്വത്തിൽ കരിങ്ങാട് വെച്ച് കുടുംബദിനാചരണം നടത്തി. കരിങ്ങാട് ഇടവക വി കാരി ഫാ. ജിജോ പനക്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. മേരിക്കുട്ടി ജോർ ജ് അദ്ധ്യക്ഷത വഹിച്ചു. ഷാജി പോൾ, റോസിലി ജോസ് എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. 50 വർഷം വിവാഹ ജീവിതം പൂർത്തീകരിച്ച ദമ്പതി കളെ ആദരിച്ചു.

ദീപ്തി മഹിളാ സമാജം മട്ടിക്കുന്നു കുടുംബദിനാചരണവും, പുതു പ്പാടി പഞ്ചായത്തിന്റെ പുതിയ പ്രസിഡന്റിനു സ്വീകരണവും നല്കി. ഏരിയാ കോ-ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് പരിപാടികൾക്ക് നേതൃത്വം നല്കി. പച്ചക്കറി വിത്തു വിതരണവും, ജൈവ കൃഷി സെമിനാറും നടത്തി.

വെറ്റിലപ്പാറ ഗ്രാമ വികസന സമിതി ഊർങ്ങാട്ടിരി കൃഷി ഭവനുമായി സഹകരിച്ചു പച്ചക്കറി വിത്ത് വിതരണവും, സെമിനാറും നടത്തി. പഞ്ചായത്ത് മെമ്പർ ദീപ രജിദാസ് പരിപാടി ഉദ്ഘാടനം ചെയ്തു. 100 കുടുംബങ്ങൾക്ക് പച്ച ക്കറി വിത്ത് നല്കി.

### പച്ച മരുന്ന് നിർമ്മാണം

തോട്ടുമുക്കം ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ മുറിവെണ്ണ നിർമ്മാണം നടത്തി. ഷൈനി സിബി പരിപാടിക്ക് നേതൃത്വം നല്കി.

### പുകയില വിരുദ്ധ ദിനാചരണം

കൂരാച്ചുണ്ട് ഗ്രാമവികസന സമിതി ഡ്രീം എന്ന സംഘടനയുമായി ചേർന്ന് കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ പുകയില വിരുദ്ധ ദിനം ആചരിച്ചു. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ പരിപാടിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഡ്രീം കോർഡിനേറ്റർ ജെസ്സി ജോൺ ക്ലാസ്സെടുത്തു. വാർഡ് മെമ്പർ ശ്രീമതി ജെസ്സി, മോളി സെബാസ്റ്റ്യൻ എന്നിവർ ആശംസ അർപ്പിച്ചു.

### വാർഷികാഘോഷം നടത്തി

തിരുവമ്പാടി ഗ്രാമവികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുപുഷ്പം സ്വാശ്രയ സംഘം 25 വർഷം ആഘോഷിച്ചു. പരിപാടികളുടെ ഉദ്ഘാടന കർമ്മം സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ നിർവഹിച്ചു. പഞ്ചായത്തു മെമ്പർ രാജു അമ്പലത്തിങ്കൽ ഗ്രാമീണ ബാങ്ക് മാനേജർ , സി.ഒ.ഡി. കോ-ഓർഡിനേറ്റർ ജോയ് കെ. സി, ജി.വി.എസ്. പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ, മുൻകാല സി.ഒ.ഡി. പ്രവർത്തകൻ ജയ്മോൻ ജെ.എം, സോളി ബെന്നി, ലീലാമ്മ ജോർജ് എന്നിവർ പ്രസംഗിച്ചു. സംഘത്തിലെ പ്രായമുള്ള വ്യക്തികളെ ആദരിച്ചു.

പാറമല എം.സി.സി . കണ്ണോത്തു വച്ച് വാർഷികം ആഘോഷിച്ചു. സോളി ബെന്നി, ഇന്ദിര രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു, സോഷ്യൽ വർക്ക് പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ ഫോൺ ഉപയോഗത്തിന്റെ ഗുണദോഷ വശങ്ങളെക്കുറിച്ചു ക്ലാസ് നല്കി.

### ജല ജീവൻ മിഷൻ

കിഴക്കോത്തു ഗ്രാമപഞ്ചായത്തു. മെയ് 21 ശനി ഉച്ചക്ക് 2 മണിക്ക് പന്നൂർ സ്കൂളിൽ വെച്ച് അങ്ങനവാടി ബോധവൽക്കരണം സംഘടിപ്പിച്ചു. 6 സെന്ററിൽ നിന്ന് 40 പേര് പരിപാടിയിൽ പങ്കെടുത്തു. JHI സുധ അവർകൾ ജലജന്യ രോഗങ്ങളെകുറിച്ച് ക്ലാസ്സ് എടുത്തു. ആൽബിൻ ടോമി ജല ജീവൻ മിഷനെകുറിച്ച് സംസാരിച്ചു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

21.05.2022 മുതൽ 20.06.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Chappanthottam | 10,000.00 |
| 2 | Kodanchery | 15,000.00 |
| 3 | Manjakunnu | 10,000.00 |
| 4 | Padathukadave | 15,000.00 |

## Home

| | | |
|---|---|---|
| 5 | Chappanthottam | 15,000.00 |
| 6 | Chempanoda | 15,000.00 |
| 7 | Kakkayam | 15,000.00 |
| 8 | Mailellampara | 15,000.00 |
| 9 | Nenmeni | 20,000.00 |
| 10 | Panamplave | 15,000.00 |
| 11 | Vilakkamthode | 20,000.00 |

## Medical

| | | |
|---|---|---|
| 12 | Chakkittappara | 15,000.00 |
| 13 | Chempanoda | 10,000.00 |
| 14 | Kannoth | 8,000.00 |
| 15 | Kodanchery | 10,000.00 |
| 16 | Kodanchery | 15,000.00 |
| 17 | Kodanchery | 8,000.00 |
| 18 | Kodanchery | 10,000.00 |
| 19 | Manjakunnu | 5,000.00 |
| 20 | Passukadave | 20,000.00 |
| 21 | Thazhekode | 15,000.00 |
| 22 | Thazhekode | 15,000.00 |

## Marriage

| | | |
|---|---|---|
| 23 | Devagiri | 20,000.00 |
| 24 | Karikandanpara | 20,000.00 |
| 25 | Mailellampara | 10,000.00 |
| 26 | Poothampara | 20,000.00 |
| 27 | Thottumukkam | 20,000.00 |
| 28 | Valillapuzha | 20,000.00 |
| 29 | Vilakkamthode | 20,000.00 |

**Total 4,26,000.00**

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## മെയ്

26 രാവിലെ, പാറോപ്പടി ഫൊറോനയിലെ വിശ്വാസ പരിശീലകരുടെ യേശു അനുഭവ ധ്യാന സംഗമം ഈസ്റ്റ് ഹിൽ ഇടവക ദൈവാലയത്തിൽ ഉദ്ഘാടനം ചെയ്തു.

27 രാവിലെ, കാറ്റുള്ളമല ഇടവകയിൽ പരേതനായ ജോസഫ് പ്ലാത്തോട്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽ നിര്യാതനായ ഈശോ സഭാംഗമായ ബഹു. എഫ്രേം മണിക്കൊമ്പേൽ അച്ചന് വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ്, തോട്ടുമുക്കം ഫൊറോനയിലെ വിശ്വാസ പരിശീലകരുടെ യേശു അനുഭവ ധ്യാന സംഗമം തോട്ടുമുക്കം ഇടവക ദൈവാലയത്തിൽ ഉദ്ഘാടനം ചെയ്തു.

28 രാവിലെ, ചാലപ്പുറത്ത് പുതുതായി ആരംഭിക്കുന്ന സരോജ് മെഡിക്കൽ ലാബിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരിയിൽ നടന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ 104-ാം വാർഷികത്തോടനുബന്ധിച്ച് മരിയൻ ഓഡിറ്റോറിയത്തിൽ നടന്ന പ്രതിനിധി സമേമളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടന്ന മഹാസമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ചെമ്പുകടവ് ഇടവകയിൽ തുഷാരഗിരിയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ചു.

29 രാവിലെ, ചങ്ങനാശ്ശേരി കൊണ്ടാക്കൽ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഇടവകയിൽ ഇടവക ദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

30 രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ ബഹു. ജെയിംസ് പുൽത്തകിടിയിലച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

## ജൂൺ

1 രാവിലെ, നായാടംപൊയിൽ പള്ളിയിൽ പുതിയ അൾത്താര ദിവ്യബലിയർപ്പിച്ച് കൂദാശ ചെയ്തു.


2 രാവിലെ, ചങ്ങനാശ്ശേരി കത്തീഡ്രലിൽ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

4 ചിപ്പിലിത്തോട് ഇടവകയിൽ ഫ്രാൻസിസ്കൻ സന്യാസ സമൂഹാംഗം ഡീ. ജോസഫ് മോളേക്കുന്നേലിന് വൈദികപട്ടം നൽകി.

ചെലവൂർ സി.എസ്.ടി. സന്യാസ സമൂഹം നടത്തുന്ന സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

5 – ജൂലൈ 4 യൂറോപ്പിലെ വിവിധ സെമിനാരികളിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി പരീശീലനം നടത്തുന്ന വൈദികവിദ്യാർത്ഥികളെയും വിവിധ ഇടവകകളിൽ സേവനം ചെയ്യുന്ന താമരശ്ശേരി രൂപതക്കാരായ വൈദികരെയും സന്ദർശിച്ചു.







# Pope's June prayer intention: 'For families'



Pope Francis releases his prayer intention for June 2022, and urges Catholics to pray for all families during the month in which Rome hosts the 10th World Meeting of Families.

"There is no such thing as a perfect family. There are always 'buts.'' Pope Francis made that affirmation in The Pope Video released on Thursday to promote his prayer intention for June. Yet, he added, "that doesn't matter. We shouldn't be afraid of mistakes; we have to learn from them so we can move forward."

United in the family

As the Church prepares to gather in Rome on 22-26 June for the 10th World Meeting of Families, Pope Francis upheld the family and urged all Catholics to pray for them.

"The family is the place where we learn to live with one another, to live with young people and with those who are older. And by being united in our differences—young people, the elderly, adults, children—we evangelize with our example of life."

God offers path of holiness in families

The Pope recalled that God is always with us, in our neighborhood, cities, and daily life.

"And He takes care of us," said Pope Francis. "He remains with us at all times in the swaying of the boat tossed by the sea: when we argue, when we suffer, when we're joyful, the Lord is there and accompanies us, helps us, and corrects us."

At the same time, he said, love within the family offers a "personal path of holiness." "Let us pray for Christian families around the world. May each and every family embody and experience unconditional love and advance in holiness in their daily lives."

THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-06-2022 |




അൽഫോൻസാമ്മേ പ്രാർത്ഥിക്കണേ;
സ്വർഗ്ഗ സുമങ്ങൾ പൊഴിക്കണമേ.

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 07, July 2022, Pages 72.